## സബ്മിഷൻ

### ക്ഷേമപെൻഷനുകൾക്ക് വരുമാനപരിധി

മി. സ്പീക്കർ: ഇതേ വിഷയം ശ്രീ. ഇ. പി. ജയരാജനും നേരത്തെ എഴുതിത്തന്നിരുന്നു. പക്ഷേ ആദ്യം ലഭിച്ചത് ശ്രീ. വി. റ്റി. ബൽറാമിന്റേതാണ്. അതുകൊണ്ട് അദ്ദേഹത്തിന് അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. റ്റി. ബൽറാം: സർ, വികസനവും കരുതലും എന്നുള്ളതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത മുദ്രാവാക്യം. ആ മുദ്രാവാക്യത്തോട് പൂർണ്ണമായി നീതിപുലർത്തുന്ന പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള ജനസമ്പർക്ക പരിപാടിതന്നെ അതിന്റെ ഉദാഹരണമാണ്. ഇതിന്റെയൊക്കെ ഭാഗമായി ക്ഷേമ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് അനുവദിക്കുന്ന കാര്യത്തിൽ ഒരു വിപ്ലവകരമായ മുന്നേറ്റമാണ് യു.ഡി.എഫ്. സർക്കാർ കൈവരിച്ചത്. നേരത്തെ, നിലവിലിരുന്ന ക്ഷേമ പെൻഷനുകൾക്ക് അപേക്ഷിക്കാനുള്ള വരുമാനപരിധി വർഷത്തിൽ 25,000 രൂപയായിരുന്നുവെങ്കിൽ അതിനെ 3,00,000 രൂപയായി ഉയർത്താനുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുത്തത് അതിന്റെ അടിസ്ഥാനത്തിലാണ്.

ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തുകളെല്ലാം സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി മാറുകയും ചെയ്തു. വിധവാ പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ലഘൂകരിക്കപ്പെട്ടു. വികാലംഗ പെൻഷനും വാർദ്ധക്യകാല പെൻഷനും നേരത്തെ ഉണ്ടായിരുന്ന 65 വയസ്സിൽ നിന്നും 60 വയസ്സായി കുറച്ചു. ഇതുമൂലം ധാരാളം പാവപ്പെട്ട ആളു

കൾക്ക് ക്ഷേമ പെൻഷനുകൾ അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം (എൻ.എസ്.എ.പി.) കേരളത്തിലെ ജനങ്ങൾക്ക് വലിയ ഒരു അനുഗ്രഹമാണ്. കൂടാതെ ക്ഷേമ പെൻഷനുകൾക്കുവേണ്ടി 75 ശതമാനം തുക കേന്ദ്രം നൽകുകയും ബാക്കി 25 ശതമാനം തുക മാത്രം സംസ്ഥാനം എടുത്താൽ മതിയെന്നുള്ള ഒരു സാഹചര്യം നിലനിന്നിരുന്നു. പക്ഷേ, 65 ശതമാനം തുക മാത്രമേ കഴിഞ്ഞ വർഷങ്ങളിൽ യൂട്ടിലൈസ് ചെയ്യാൻ സാധിച്ചുള്ളു. ബാക്കി 35 ശതമാനം തുക അർഹതപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുവാൻ കഴിയാതെ പാഴാക്കിക്കളയുകയായിരുന്നു. ഈ സാഹചര്യത്തെ മറിക്കടക്കുന്നതിനുവേണ്ടി വരുമാന പരിധി ഉയർത്തിയത് വളരെയധികം അനുഗ്രഹമായിട്ടുണ്ട്. എന്നാൽ അതിനുശേഷം മൂന്നു ലക്ഷം രൂപയെന്നുള്ളത് ഒരു ലക്ഷം രൂപയായി കുറയ്ക്കാനുള്ള ഒരു തീരുമാനം ഗവൺമെന്റ് തലത്തിൽ ആലോചിക്കുന്നു എന്ന് കേൾക്കുന്നത് വളരെയധികം വിഷമമുണ്ടാക്കുന്ന കാര്യമാണ്. ധാരാളം ആളുകൾ മൂന്നു ലക്ഷം രൂപയാണ് വരുമാനപരിധി എന്നതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തപ്പോഴാണ് അവരുടെ മേൽ ഇരുട്ടടിപോലെ ഒരു ലക്ഷം രൂപയായി കുറച്ച ഓർഡർ വന്നത്. ഈ ഓർഡർ പുന:പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു കുടുംബത്തിന്റെ വരുമാനമാണ് ഇവിടെ പരിശോധിക്കപ്പെടുന്നത്. പലപ്പോഴും ഈ കുടുംബവരുമാനം മൊത്തത്തിൽ കാൽക്കുലേറ്റ് ചെയ്യുന്നത് അശാസ്ത്രീയവും അർഹതപ്പെട്ട ആളുകൾക്ക് അവസരം നിഷേധിക്കുന്ന ഒരവസ്ഥയിലേക്കും കാര്യങ്ങൾ പോകുന്നുണ്ട്. ഉദാഹരണത്തിന് മാതാപിതാക്കൾക്ക് നല്ല വരുമാനമുള്ള മക്കളുണ്ടെങ്കിൽ കുടുംബ വരുമാനം കണക്കാ

ക്കുമ്പോൾ മൂന്നു ലക്ഷത്തിനും അഞ്ചു ലക്ഷത്തിനും മുകളിലായിരിക്കും വരുമാനം. ഈ മക്കൾ മാതാപിതാക്കളെ നോക്കുന്നില്ലെങ്കിൽ എന്താണ് ചെയ്യാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു പുന:പരിശോധന നടത്തി വരുമാനപരിധി വീണ്ടും മൂന്നു ലക്ഷം രൂപയാക്കുന്നതിനുവേണ്ടിയും കുടുംബവരുമാനമെന്നുള്ളത് മാറ്റി വ്യക്തികളുടെ വരുമാനമെന്നുള്ളതുകൂടി പരിഗണിക്കാനുമുള്ള ഒരു ഉചിതമായ തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. വി. ടി. ബൽറാം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. വാർദ്ധക്യകാല പെൻഷൻ, അഗതി-വിധവാ പെൻഷൻ, വികലാംഗ പെൻഷൻ 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ മുതലായവയ്ക്ക് വരുമാന പരിധി മൂന്നു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പക്ഷേ, ബാക്കിയുള്ള പെൻഷനുകളെല്ലാം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയും നഗരപ്രദേശങ്ങളിൽ 22,375 രൂപയുമായിരുന്നു. ഇതു രണ്ടും തമ്മിൽ വലിയ അന്തരവും ഒരു യാഥാർത്ഥ്യബോധവും ഇല്ലാതെയും വന്നസമയത്താണ് ഇതെല്ലാകൂടി ഏകീകരിച്ചുകൊണ്ട് വരുമാനപരിധി ഒരു ലക്ഷം രൂപയായി മാറ്റാൻ തീരുമാനിച്ചത്. ഒരു ലക്ഷം രൂപയാക്കിയപ്പോൾ മറ്റു സാമൂഹ്യ പെൻഷൻ കിട്ടികൊണ്ടിരുന്നവർക്ക് വലിയ ഒരനുഗ്രഹമാകുകയും കാര്യമായ ഒരു വർദ്ധനവുണ്ടാകുകയും ചെയ്തു. പക്ഷേ, മൂന്നു

ലക്ഷം രൂപയെന്നുള്ളത് ഒരു ലക്ഷമാക്കിയത് ഇങ്ങനെ വന്നിട്ടുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കി എന്നാണ് മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് വ്യക്തികളുടെ വരുമാന മാക്കി മാറ്റുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മക്കൾക്ക് നല്ല ശമ്പളമുണ്ടെങ്കിലും മാതാപിതാക്കൾക്ക് വേണ്ടത്ര സംരക്ഷണം കിട്ടുന്നില്ല എന്നുള്ള പരാതികളും നിവേദനങ്ങളും ഗവൺമെന്റിന് ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഒരു ലക്ഷംരൂപ എന്നുള്ളത് വ്യക്തിഗത വരുമാനമാക്കി കണക്കിലെടുക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണെന്ന് പറയാൻ ആഗ്രഹിക്കുന്നു.

## ക്യാൻസർ രോഗചികിത്സയ്ക്ക് ആധുനിക സംവിധാനം

ശ്രീ. ലൂഡി ലൂയിസ് : സർ, എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സ നടത്തികൊണ്ടിരിക്കുന്ന ക്യാൻസർ രോഗികൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാകുന്നതിനുവേണ്ടി ലീനിയർ പാർട്ടിക്കിൾ അക്സിലറേറ്റർ സ്ഥാപിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. 1845–ൽ കൊച്ചി മഹാരാജാവ് ആരംഭിച്ചതാണ് ഈ ആശുപത്രി. എൻ.എ.ബി.എച്ച് അക്രെഡി റ്റേഷൻ ലഭിച്ചിട്ടുള്ള എഫ്.ഐ.സി.സി.ഐ.(ഫിക്കി) അവാർഡ് ലഭിച്ചിട്ടുള്ള ഏക സർക്കാർ ആശുപത്രിയും നിലവിൽ സർക്കാർതലത്തിൽ ക്യാൻസർ ചികിത്സ ലഭ്യമാകുന്ന ഏക ആശുപത്രിയും എറണാകുളം ജനറൽ ആശുപ ത്രിയാണ്. ദിനംപ്രതി 150–200–ഓളം രോഗികൾ ചികിത്സയ്ക്കുവേണ്ടി എത്തി ച്ചേരുന്നുണ്ട്. ഇങ്ങനെ ഒട്ടനവധി സൗകര്യങ്ങളുള്ള എറണാകുളം ജനറൽ ആശുപത്രി ഇപ്പോഴും ക്യാൻസർ ചികിത്സക്ക് ഉപയോഗിക്കുന്നത്

കോബാൾട്ട് തെറാപ്പിയാണ്. ഏറെ കാലഹരണപ്പെട്ട ഈ കോബാൾട്ട് തെറാപ്പി ചികിത്സ ക്യാൻസർ രോഗികൾക്ക് ഒട്ടനവധി പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈ ചികിത്സ നടത്തുന്ന രോഗികൾക്ക് ക്യാൻസർ കോശങ്ങളോടൊപ്പംതന്നെ ആരോഗ്യമുള്ള കോശങ്ങൾക്കൂടി നശിക്കുമെന്നു ള്ളതുകൊണ്ട് ഈ ചികിത്സ ഇപ്പോൾ അവിടെ കൊടുക്കുന്നത് ശരിയല്ല. അതുകൊണ്ട് അവിടെ ആധുനിക ചികിത്സാരീതിയായ ലീനിയർ പാർട്ടിക്കിൾ അക്സിലറേറ്റർ സ്ഥാപിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടി സ്വീകരിക്കണ മെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ : സർ, സർക്കാർ മേഖലയിൽ നിലവിൽ അർബുദരോഗ ത്തിനുള്ള ചികിത്സ പ്രധാനമായും തിരുവനന്തപുരം, ആർ.സി.സി.-യിലും തലശ്ശേരിയിലെ എം.സി.സി.-യിലും മറ്റ് അഞ്ചു മെഡിക്കൽ കോളേജിലുമണ് ലഭ്യമാകുന്നത്. ആരോഗ്യവകുപ്പിന് കീഴിൽ എറണാകുളം ജനറൽ ആശുപത്രിയിലാണ് ക്യാൻസർ ചികിത്സാ സൗകര്യമുള്ളത്. എറണാകുളം ജില്ലയിൽ നിന്നും അയൽ ജില്ലകളായ കോട്ടയം, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും ലക്ഷദ്വീപിൽനിന്നും ക്യാൻസർ രോഗികൾ ചികിത്സത്തേടി ഇവിടെയെത്തുന്നു. ഈ ആശുപത്രിയിലെ ഓങ്കോളജി വിഭാ ഗത്തിൽ അഞ്ച് ക്യാൻസർ രോഗ വിദഗ്ദ്ധർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം ഒരു ഡോക്ടറെ ആർ.സി.സി.-യിൽ നിന്നും വിദഗ്ദ്ധ പരിശീലനം നൽകി ഇവിടെ കൂടുതലായി നിമച്ചിട്ടുണ്ട്. കൂടാതെ ഒരു മെഡിക്കൽ ഓങ്കോളജിസ്റ്റിന്റെയും രണ്ട് പാലിയേറ്റീവ് ഡോക്ടർമാരുടേയും സേവനം ഇവിടെ ലഭ്യമണ്.

റേഡിയേഷൻ ചികിത്സ നൽകുന്നതിന് രണ്ട് ടെലി കോബാൾട്ട് യൂണിറ്റ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരെണ്ണം 20 വർഷംമുമ്പും മറ്റൊന്ന് എട്ടു വർഷം മുമ്പും സ്ഥാപിക്കപ്പെട്ടതാണ്. ആധുനിക ചികിത്സാ രീതിയായ ലീനിയർ അക്സിലറേറ്റർ ഇവിടെ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ടെലി കോബാൾട്ട് യൂണിറ്റ് ഉപയോഗിച്ചാണ് റേഡിയേഷൻ ചികിത്സ നടത്തുന്നത്. ലീനിയർ ആക്സിലറേറ്ററിന് ടെലി കോബാൾട്ടിനെക്കാൾ സവിശേഷതകൾ കൂടുതലാണ്. ചികിത്സാ സമയം കുറവുള്ളതും കൂടാതെ കൺപോള, തൊലിപ്പുറം പോലുള്ള ഉപരിതലങ്ങളിലെ ക്യാൻസർ ചികിത്സയ്ക്കും പ്രയോജനപ്പെടുന്നതാണ്. ടെലി കോബാൾട്ടുപോലെ സമയബന്ധിതമായി സോഴ്സ് മാറ്റേണ്ടി വരാത്തതിനാൽ തുടർ ചെലവുകൾ കുറവാണ്. കേരളത്തിലെ ലീനിയർ ആക്സിലറേറ്ററുകളെ നമ്മുടെ മെഡിക്കൽ കോളേജുകളിൽ സ്ഥാപിക്കുന്നതിലേയ്ക്കായുള്ള നടപടികൾ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ തൃശ്ശൂരും തിരുവനന്തപുരത്തും ലീനിയർ ആക്സിലറേറ്റർ വരുന്നുണ്ട്. ഏകദേശം എട്ടുകോടിയോളം രൂപ ഈ മെഷീൻ വാങ്ങുന്നതിനുവേണ്ടി ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2014-15 സാമ്പത്തികവർഷത്തിൽ പുതിയ ടെലി കോബാൾട്ട് സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പ് ക്യാൻസർ പദ്ധതികളിൽഉൾപ്പെടുത്തി 1.28 കോടി രൂപ എറണാകുളം ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററുകളെന്ന ആധുനിക സാങ്കേതിക ചികിത്സാ ഉപകരണം സ്ഥാപിച്ചതിനുശേഷം ജനറൽ ആശുപത്രിയിൽ ഇത് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ

പുതിയ ടെലി കോബാൾട്ട് സ്ഥാപിക്കുന്നതിന് 1.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പഴയന്നൂർ, വരവൂർ വ്യവസായ പാർക്കുകൾ

ശ്രീ. കെ രാധാകൃഷ്ണൻ : സർ, എന്റെ മണ്ഡലത്തിലെ രണ്ട് വ്യവസായ പാർക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. 1998-ൽ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് പഴയന്നൂരിൽ ഒരു വ്യവസായ പാർക്ക് ആരംഭിച്ചത്. 43 പ്ലോട്ടുകളിലായാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് തീരുമാനിച്ചത്. എന്നാൽ 12 എണ്ണത്തിൽ മാത്ര മാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സിഡ്ക്കോയാണ് ഇതിന്റെ പ്രവർത്തന ങ്ങൾക്ക് മേൽനോട്ടം വഹിച്ചത്. അതിന്റെ പ്രവർത്തനം വേണ്ടത്ര മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അതുപോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വരവൂരിൽ ഒരു വ്യവസായ പാർക്ക് തുടങ്ങുന്നതിനുവേണ്ടി 8 ഏക്കർ 55 സെന്റ് സ്ഥലം വാങ്ങുന്നതിനു വേണ്ടിയുള്ള സാമ്പത്തികസഹായം നൽകുകയും ഈ ഗവൺമെന്റ് വന്നതിനുശേഷം ആ സ്ഥലം വാങ്ങുകയും ചെയ്തു. അവിടെ യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഈ രണ്ട് വ്യവസായ പാർക്കുകളിലേയും പ്രവർത്തനം കാര്യക്ഷമമാക്കാൻവേണ്ടി ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2013 അവസാനമാണ് സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായത്. അതുകൊണ്ട് വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനം പ്രോബ്ലമൊന്നുമില്ലാതെ തുടങ്ങാവുന്നതാണ്. 60 ശതമാനം കേന്ദ്ര വിഹിതമാണ് ഈ പദ്ധതിക്കുള്ളത്. വരവൂരിന്റെ പാർക്ക് വികസനത്തിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി രേഖ സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്രത്തിന് അയച്ചുകൊടുക്കാനുള്ള സ്റ്റേജിലാണ് നിൽക്കുന്നത്. ഇനി തടസ്സമൊന്നുമില്ലാതെ പെട്ടെന്നുതന്നെ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാവുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പഴയന്നൂർ പാർക്കിന്റെ കാര്യം.........

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) സർ, പഴയന്നൂർ പാർക്കിന്റെ കാര്യവും പരിഗണനയിലുണ്ട്.

## കസ്റ്റംസ് പിടിയിലായ യുവാവിന്റെ മോചനം

ശ്രീ. എസ്. ശർമ്മ: സർ, വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിൽ പിഴാല സ്വദേശിയായ കണ്ണാപ്പാട്ടുവീട്ടിൽ ഷിജു, അദ്ദേഹത്തിന്റെ പിതാവ് അന്തരിച്ചതിനെത്തുടർന്ന് അബുദാബിയിൽനിന്നും മരണാനന്തര ചടങ്ങിൽ പങ്കെടുക്കുന്നതിനുവേണ്ടി നാട്ടിൽ എത്തുകയുണ്ടായി. പിതാവിന്റെ മരണാനന്തര ചടങ്ങിൽ പങ്കെടുത്തതിനുശേഷം ലീവ് കൂടുതലില്ലാത്തതുകൊണ്ട് അദ്ദേഹം പെട്ടെന്നുതന്നെ അബുദാബിയിലേയ്ക്ക് തിരിച്ചുപോകുകയും അദ്ദേഹത്തെ അബുദാബി എയർപോർട്ടിൽവച്ച് ലഹരി വസ്തുക്കൾ കൈവശം വച്ചു എന്ന കുറ്റം ചുമത്തി ജയിലിലടച്ചിരിക്കുകയുമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിവുള്ളതും അങ്ങുതന്നെ മുൻകയ്യെ

ടുത്ത് വിദേശകാര്യ വകുപ്പുമന്ത്രി ശ്രീമതി സുഷമാ സ്വരാജുമായി ചർച്ച ചെയ്തിട്ടുള്ളതുമാണ്. യഥാർത്ഥത്തിൽ യുവാവ് കൂട്ടുകാരുടെ വഞ്ചനയിൽ കുടുങ്ങിപ്പോവുകയാണ് ചെയ്തതെന്ന് യുവാവിന്റെ ബന്ധുക്കൾ നൽകിയ പരാതിയെത്തുടർന്ന് കേരള പോലീസ് നടത്തിയ അന്വേഷണത്തിലൂടെ വ്യക്തമായിട്ടുണ്ട്. അതിൽ രണ്ടുമൂന്നുപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രധാന ആളുകളെ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇപ്പോഴുള്ള പ്രശ്നം പ്രതികളൊക്കെ ഇവിടെയും നിരപരാധിയായ ആൾ അവിടെ ജയിലിലുമാണ്. നിരപരാധിയെ സംരക്ഷിക്കുന്നതിനും പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും കഴിയുന്ന നടപടികൾ സ്വീകരിക്കണം. മറ്റൊരു രാജ്യത്തായതുകൊണ്ട് ചെയ്യേണ്ട മറ്റ് നടപടിക്രമങ്ങളിലും നിയമപരമായ കാര്യങ്ങളിലും താത്പര്യമെടുത്തിട്ടുണ്ടെങ്കിലും കുറച്ചുകൂടി ഗൗരവത്തിൽ, കാരണം പിതാവ് മരിച്ചു, ഇനി രോഗിയായ അമ്മ മാത്രമാണുള്ളത്. മറ്റാരും സഹായത്തിനില്ലാത്ത ഒരു കുടുംബമാണ്. കടമക്കുടി എന്ന ദ്വീപിലെ എല്ലാ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരും വൈദികരുൾപ്പെടെയുള്ള മുഴുവനാളുകളും ഈ ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആഭ്യന്തരവം വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, എറണാകുളം കടമക്കുടി വില്ലേജിൽ പിഴാലക്കരയിൽ കണ്ണപ്പാട്ട് ഹൗസിൽ മാനുവൽ മകനും അബുദാബിയിൽ ഫാബ്രിക്കേറ്ററായി ജോലി ചെയ്തുവരുന്ന ഷിജു (28) തന്റെ പിതാവ് മരണപ്പെട്ടതിനെത്തുടർന്ന് 31-05-2014–ന് നാട്ടിലെത്തുകയും 18–06–2014–ന് നെടുമ്പാശ്ശേരി വഴി

അബുദാബിയിലേയ്ക്ക് തിരികെ പോകുന്നതിന് വീട്ടിൽനിന്നും യാത്ര തിരിക്കുകയും ചെയ്ത ഷിജുവിനെ ആലുവ മുട്ടം ഭാഗത്തുവച്ച് പരിചയക്കാര നായ അമൽ സമീപിച്ച് അബുദാബിയിലുള്ള തന്റെ ബന്ധുവിന് നൽകാൻ രണ്ട് ബുക്കുകളും രണ്ട് ടീ-ഷർട്ടുകളുമടങ്ങിയതാണെന്നുപറഞ്ഞ് ഒരു പാർസൽ ഷിജുവിനെ ഏൽപ്പിക്കുകയുണ്ടായി. ഈ പാർസലുമായി അബുദാബി എയർപോർട്ടിലെത്തിയ ഷിജുവിനെ എമിഗ്രേഷൻ പരിശോധന യിൽ പാർസലിൽനിന്നും മയക്കുമരുന്ന് കണ്ടെത്തി ജയിലിൽ പാർപ്പിച്ചിട്ടു ള്ളതാണ്. 21-06-2014-ൽ ഷിജുവിന്റെ ജ്യേഷ്ഠൻ ശ്രീ. ജോഷി സെബാസ്റ്റ്യൻ ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഹാജരായി ചേരാനല്ലൂർ സ്വദേശി യായ അമൽ തന്റെ അനുജൻ ഷിജുവിന്റെ കൈവശം മയക്കുമരുന്ന് കൊടു ത്തുവിട്ട് ചതിചെയ്തുവെന്ന് മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ Narcotic Drugs and Psychotropic Substances Act 22- 23 IPC 120 ( B) 420, 34 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 2486/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ്സിന്റെ അന്വേഷണം ആലുവ പോലീസ് സബ് ഇൻസ്പെ ക്ടർ നടത്തി. മേൽപ്പറഞ്ഞ അമലിന്റെ ബന്ധുവും ഗൾഫിൽ അക്കൗ ണ്ടന്റായി ജോലി ചെയ്യുന്ന ശ്രീ. സാരംഗ് (27), സുഹൃത്തുക്കളായ ശ്രീ. മുഹ മ്മദ് സാദ് (27), ശ്രീ. അൻസാർ (30) എന്നിവർ ചേർന്ന് ഗൂഢാലോചന നടത്തി ഗോവയിൽനിന്ന് വാങ്ങിയ സ്റ്റാമ്പ് രൂപത്തിലുള്ള 9 എൽ.എസ്.ഡി (Lysergic Acid Diethylamide) എന്ന മയക്കുമരുന്ന് ബുക്കിനുള്ളിൽ പാർസലാക്കി ഷിജുവിന്റെ പക്കൽ കൊടുക്കുകയാണ് ചെയ്തതെന്ന് വെളിവായി. അതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ മൂന്നുമുതൽ നാലു വരെയുള്ള പ്രതികളെ ഉൾപ്പെടുത്തി കേസ്സിലെ Narcotic Drugs and

Psychotropic Substance Act 22 (b) 23(b) 27 (a) 25 (a) ആയി ഭേദഗതി ചെയ്തും കോടതിക്ക് റിപ്പോർട്ട് നൽകി. അമലിനെ 22-06-2014-ാം തീയതിയും മുഹമ്മദ് സാദ്, അൻസാർ എന്നിവരെ 23-06-2014-നും അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും മൂന്ന് പ്രതികളും ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരുന്നതുമാണ്. ഈ കേസ്സിന്റെ അന്വേഷണം ആലുവാ പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുത്ത് നടത്തിവരുന്നു. ഈ കേസുമായി ബന്ധപ്പെട്ട് വിദേശത്തുള്ള നാലാം പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനും അബുദാബിയിൽ തടവിൽ കഴിഞ്ഞുവരുന്ന ഷിജുവിന്റെ മൊഴി രേഖപ്പെടുത്തുന്നതിനും ഷിജുവിന്റെ പേരിലുള്ള കേസ്സിന്റെ വിവരങ്ങളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അബുദാബി പോലീസിൽനിന്നും ലഭ്യമാകുന്നതിന് ഒരു Letter of Rogatory കോടതി മുഖേന തയ്യാറാക്കി യുണൈറ്റഡ് അറബ് എമിറേറ്റ്സിലേക്ക് അയയ്ക്കേണ്ടതാണ്. (Letter of Rogatory എന്നുപറഞ്ഞാൽ ഇന്ത്യക്കു പുറത്തുള്ള ഒരു രാജ്യത്തോ സ്ഥലത്തോ അന്വേഷണം നടത്താൻ കഴിവുള്ള അധികാരസ്ഥാനത്തേയ്ക്കുള്ള അഭ്യർത്ഥന കത്താണ്.) ഇത് തയ്യാറാക്കിയിട്ടുണ്ട്. ഈ കേസ്സിൽ അന്താരാഷ്ട്രതലത്തിലും അന്തർസംസ്ഥാനതലത്തിലും അന്വേഷണം നടത്തേണ്ടതുള്ളതിനാൽ അന്വേഷണത്തിന് പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ എസ്. ശർമ്മ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. മുഖ്യമന്ത്രിയും മാണി സാറും ഞാനുംകൂടി ഇറാഖിലെ നഴ്സുമാരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ശ്രീമതി സുഷമാ സ്വരാജുമായി ചർച്ച നടത്തിയതിനുശേഷം അങ്ങ് അയച്ചുതന്ന പരാതി ഞങ്ങൾ നേരിട്ട് കൊടുത്തിട്ടുള്ള

താണ്. വിദേശകാര്യ മന്ത്രാലയം ഇക്കാര്യത്തിൽ ശക്തമായ നടപടി, അയാളെ മോചിപ്പിക്കുന്നതടക്കമുള്ള മറ്റ് നടപടികൾ സ്വീകരിക്കാമെന്ന് സമ്മതിച്ചിട്ടു ണ്ട്. അപ്പോൾ ഇവിടെനിന്നും ഈ കേസ്സും മറ്റ് വിശദാംശങ്ങളും വിദേശ കാര്യ മന്ത്രാലയത്തിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേസ് നമ്പർ ഞാൻ എടുത്തിട്ടുണ്ട്. അത് വിദേശകാര്യ മന്ത്രാലയത്തെ അറിയിക്കു ന്നതാണ്.

## തൂക്കുപാലം തകർന്നതുസംബന്ധിച്ച വിജിലൻസ് റിപ്പോർട്ട്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, തൃക്കരിപ്പൂർ മണ്ഡല ത്തിലെ കോസ്റ്റൽ മേഖലയിലെ ദ്വീപ് നിവാസികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിനുവേണ്ടി 4 കോടി രൂപയുടേയും 3 കോടി രൂപയുടേയും ചെലവിൽ രണ്ട് തൂക്കുപാലങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിരുന്നു. 2011 ജനുവരി 24-ന് അതിന്റെ തറക്കല്ലിട്ടത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്നു. അതിലൊരു പാലമായ മാടക്കാൽ തൂക്കു പാലം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയത് 2013 ഏപ്രിൽ മാസം 29 -ന് ആയിരുന്നു. എന്നാൽ പാലം ഉദ്ഘാടനം കഴിഞ്ഞ് രണ്ടുമാസം തികയു ന്നതിനുമുമ്പ് 4 കോടി രൂപ ചെലവിട്ട് നിർമ്മിച്ച പാലം തകർന്നുവീണു. ഇപ്പോഴും അതിന്റെ അവശിഷ്ടങ്ങൾ പുഴയിൽ കിടക്കുകയാണ്. അത് സംബന്ധിച്ച് എൽ.ബി.എസ്. ഒരന്വേഷണം നടത്തി റിപ്പോർട്ട് കൊടുത്തിരു ന്നു. അതിനുപുറമെ വിജിലൻസിന്റെ അന്വേഷണം നടക്കുകയാണ്. ഈ രണ്ട് പാലങ്ങളുടേയും നിർമ്മാണപ്രവർത്തനം ഏറ്റെടുത്തത് ഗവൺമെന്റ് സ്ഥാപനമായ കെൽ-ആണ്. വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട്

ലഭിക്കാത്തതിന്റെ ഭാഗമായി പാലത്തിന്റെ പുനർ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നില്ല. കെൽ പറയുന്നത് ഞങ്ങളെ ഏൽപ്പിക്കുകയാണെങ്കിൽ അടിയന്തരമായി പണി ആരംഭിക്കാമെന്നാണ്. പക്ഷെ ഇതിന്റെ സാങ്കേതിക മായ പ്രശ്നം വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് കിട്ടാത്തതാണ്. അതു കൊണ്ട് ആ റിപ്പോർട്ട് അടിയന്തരമയി പ്രസിദ്ധീകരിച്ച് പാലം പണി പുനരാരംഭിക്കാനാവശ്യമായിട്ടുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെ ന്നാണ് പറയാനുള്ളത്. അതോടൊപ്പംതന്നെ ഇതിൽ ക്രമക്കേട് കാണിച്ച, ആരായാലും പ്രശ്നമില്ല, അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്ക ണം. കാരണം ഗൺമെന്റിന്റെ 4 കോടി രൂപ പാഴായിരിക്കുകയാണ്. അതുപോലെ മൂന്നുകോടി രൂപ ചെലവിട്ട് പണിയുന്ന പാലം പകുതിവഴിയിൽ നിർത്തിയിരിക്കുകയാണ്. മാടക്കാൽ പാലം തകർന്നതോടുകൂടി അതിന്റെ പണിയും ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ജനങ്ങളുടെ യാത്രാ ദുരിതം അങ്ങേയറ്റമാണ്. ഇക്കഴിഞ്ഞ 27-ാം തീയതി എല്ലാ പാർട്ടികളും പഞ്ചായത്തു കളുംകൂടി പൊളിഞ്ഞ പാലത്തിൽ റീത്തുവച്ച് അനുശോചനം രേഖപ്പെടു ത്തി. കൊച്ചിയിലെ ഓർബിറ്റ് എന്ന കമ്പനിയാണ് ഇതിന്റെ സ്റ്റീൽ വർക്കും റോപ്പ് വർക്കുമൊക്കെ ചെയ്തത്. അവിടെയും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ പോയി സമരം നടത്തി. ഈ ദ്വീപ് നിവാസികളുടെ യാത്രാദുരിതം പരിഹരിക്കുന്നതിനുവേണ്ടി ഈ റിപ്പോർട്ട് അടിയന്തരമായി പ്രസിദ്ധീകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ( <u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പണയത്തിൽ മാടക്കൽ എന്ന

സ്ഥലത്ത് നിർമ്മിച്ച സസ്പെൻഷൻ ബ്രിഡ്ജിന്റെ പ്രവൃത്തി അപാകതകൾ സംബന്ധിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02-09-2013–ൽ കാസർഗോഡ് വിജിലൻസ് യൂണിറ്റ് ഒരു മിന്നൽ പരിശോധന നടത്തുകയുണ്ടായി. ഈ പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് 58–ാമത്തെ ദിവസം പാലം തകർന്നുവീണു. മൂന്നുകോടി അൻപത്തിനാല് ലക്ഷം രൂപയാണ് ഈ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചത്. കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയാണ് നിർമ്മാണച്ചുമതല വഹിച്ചത്. മിന്നൽ പരിശോധനയിൽ പാലം ഡിസൈൻ ചെയ്തതിലും പണികളുടെ മേൽനോട്ടത്തിലും നിർമ്മാണപ്രവർത്തനങ്ങളിലും അപാകതയുണ്ടായതായി കണ്ടെത്തുകയുണ്ടായി. മിന്നൽ പരിശോധനാ റിപ്പോർട്ട് പരിശോധിച്ചപ്പോൾ കൂടുതൽ അന്വേഷണം അനിവാര്യമാണെന്ന് കാണുകയാൽ ഒരു വിജിലൻസ് അന്വേഷണത്തിന് 28–04–2014–ന് സർക്കാർ അനുമതി നൽകി. കാസർഗോഡ് വിജിലൻസ് യൂണിറ്റിൽ അന്വേഷണം ഊർജ്ജിതമായി പുരോഗമിച്ചുവരുന്നു. അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാരും വിജിലൻസ് ഡയറക്ടറും അന്വേഷണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സമയത്തുതന്നെ പടന്നപ്പാലം എന്ന സ്ഥലത്തും തൂക്കുപാലത്തിന്റെ നിർമ്മാണം കെൽ തുടങ്ങിയിരുന്നു. ഇരുവശത്തും തൂണുകളുടെ പണി പൂർത്തിയാകുന്ന സമയത്താണ് മാടക്കൽ പാലം തകർന്നുവീണത്. അതോടുകൂടി പടന്നപ്പാലം എന്ന സ്ഥലത്തെ തൂക്കുപാലത്തിന്റെ പണി നിർത്തിവച്ചു. ഇതിനകത്ത് കെൽ എടുക്കുന്ന പല പാലങ്ങളുടെയും സ്ഥിതി...... എന്റെ നിയോജകമണ്ഡലത്തിൽ ഒരു പാലം പണിതുടങ്ങി പകുതി ആയപ്പോഴേക്കും പാലം ചരിഞ്ഞു

പോയതുകണ്ട് നാട്ടുകാർ ബഹളം ഉണ്ടാക്കിയപ്പോൾ ഞാൻ തന്നെ കെല്ലിനെ വിളിച്ച് സാങ്കേതിക പരിജ്ഞാനമില്ലാത്ത ആളുകൾ ചെയ്യുന്നതാണെന്ന് പറഞ്ഞു. ഏതായാലും ഇക്കാര്യം സംബന്ധിച്ച് വ്യവസായ വകുപ്പിന് ഞങ്ങൾ കത്തെഴുതുന്നുണ്ട്. കെല്ലിനെ ഏൽപ്പിക്കുന്ന പാലങ്ങളെ സംബന്ധിച്ച് എല്ലാവർക്കും പരാതിയാണ്. വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)– ന്റെ നിയോജകമണ്ഡലത്തിൽ ഒരു നടപ്പാലം കെൽ–നെക്കൊണ്ട് നിർമ്മിപ്പിച്ചു. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനവും നടത്തി. രണ്ടുമാസം കഴിഞ്ഞപ്പോൾ താഴെ വീണു. അതിനു ശേഷം പല പരാതികളും വന്നു. ബഹുമാനപ്പെട്ട മോൻസ് ജോസഫും ആഭ്യന്തര വകുപ്പുമന്ത്രിയും പരാതി പറഞ്ഞു. എല്ലായിടത്തും പരാതികളാണ്. കെൽ നിർമ്മിക്കുന്ന പാലങ്ങൾ ആവശ്യമായ സാങ്കേതിക പരിജ്ഞാനമില്ലാത്ത ആളുകളെ ചുമതലപ്പെടുത്തി അവർ ചെയ്യുകയാണ്. അതുകൊണ്ടുതന്നെ റവന്യൂ വകുപ്പിൽനിന്നും അനുവദിച്ചുകൊടുക്കുന്ന നടപ്പാലങ്ങളുടെ പണി കെൽ–നെ ഏൽപ്പിക്കേണ്ട എന്ന പൊതുധാരണയിലാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അതൊരു പ്രധാനപ്പെട്ട വിഷയം തന്നെയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,__ കാസർഗോഡ് പാലത്തിന്റെ കാര്യം ശ്രദ്ധയിൽ വന്നിരുന്നു. ബാക്കിയുള്ളവയുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. കെൽ ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ വിഷയം ഗൗരവമായി പരിശോധിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയുടെ മൊത്തത്തിലുള്ള വികാരം കെൽ–നെ പാലംപണി ഏൽപ്പിക്കരുത് എന്നാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഒരു പൊതുമേഖലാ സ്ഥാപന മാണ്. പാലം പണി ഏൽപ്പിക്കണ്ട എന്നാണ് തീരുമാനമെങ്കിൽ വേണ്ട. എന്താണ് പ്രശ്നം എന്നുള്ളത് പരിശോധിക്കാം. അല്ലാതെ വെറുതെ എഴുതി ത്തള്ളാൻ കഴിയില്ല.

ശ്രീ. രമേശ് ചെന്നിത്തല: ഏതായാലും ഇതിന്റെ അന്വേഷണ റിപ്പോർട്ട് എത്രയുംവേഗം നൽകാനുള്ള നിർദ്ദേശം കൊടുക്കുന്നുണ്ട്. വിജിലൻസിന്റെ അന്വേഷണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. വിജിലൻസ് ഡയറക്ടറും ഗവൺമെന്റും എത്രയുംവേഗം റിപ്പോർട്ട് കൊടുക്കാനാവശ്യപ്പെട്ടിട്ടുണ്ട്.

## ബാലവേല

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട് ജില്ലയിലെ അതിർത്തി ഗ്രാമ ങ്ങളിൽ, ബാലവേലയിൽ നിന്ന് കുട്ടികളെ മോചിപ്പിക്കുക എന്ന ആവശ്യമുന്ന യിച്ചുള്ളതാണ് എന്റെ സബ്മിഷൻ. പ്രസ്തുത ജില്ലയിലെ അതിർത്തി ഗ്രാമ പ്രദേശമായ മീനാക്ഷിപുരത്തെ ആദിവാസി കോളനികളിൽ ഇ.എം.എസ്. കോളനി, സ്രാമ്പി കോളനി, എല്ലക്കാട് കോളനി എന്നിവിടങ്ങളിലെ കുട്ടികൾ പഠനം അവസാനിപ്പിച്ച് ഗൗണ്ടറുടെ വിൻകിട തോട്ടങ്ങളിൽ പകലന്തിയോളം പണിയെടുക്കുന്നു. കോളനികളിലെ ആദിവാസി പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങളാണ് തുച്ഛമായ കൂലിക്ക് തോട്ടങ്ങളിൽ പണിയെടുക്കേണ്ടി വരികയും ജീവിക്കാനായി ഗൗണ്ടറുടെ നിർബന്ധത്തിനു വഴങ്ങി കുട്ടികളെ നാലാം ക്ലാസ്സോടെ പഠനം അവസാനിപ്പിച്ച് തൊഴിലെ

ടുക്കാനായി തോട്ടങ്ങളിൽ അയയ്ക്കുന്നത്. അങ്ങനെ നിർബന്ധിതമായ ബാല വേലക്ക് ആ കുട്ടികൾ ഇരയാകുകയാണ്. ഈ അടുത്ത കാലത്താണ് മണി മേഖല എന്നു പറയുന്ന 13 വയസ്സുള്ള ഒരു പെൺകുട്ടിയെ ഇത്തരത്തിൽ കൂലിവേല ചെയ്യുന്ന സ്ഥലത്തുവച്ച് ബലാത്സംഘം ചെയ്ത് കൊലപ്പെടുത്തി യത്. കുറ്റക്കാർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കേണ്ട താണ്. വിദ്യാർത്ഥി സംഘടനകൾ ഈ വിഷയങ്ങളിൽ ഇടപെടുകയുണ്ടായി. അവർ രംഗത്തുവന്നതിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങളും കുടയും ബാഗുമെല്ലാം കൊടുത്ത് സ്കൂളിലേക്ക് പോകാൻ പ്രേരണ നൽകിയപ്പോൾ, ഏതാണ്ട് 40 ഓളം കുട്ടികൾ പഠിക്കുന്നതിനായി വണ്ടിത്താവളം ഹൈസ്കൂ ളിൽ എത്തുകയുണ്ടായി എന്ന ശുഭവാർത്തയാണ് പാലക്കാട് ജില്ലക്കാർ കേൾക്കാൻ ഇടയായത്. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കേണ്ട സാമൂഹ്യനീതി വകുപ്പും തൊഴിൽ വകുപ്പും മറ്റു ഏജൻസികളും ഇക്കാര്യത്തിൽ വൻ വീഴ്ച യാണ് വരുത്തിയിട്ടുള്ളത്. ആയതുകൊണ്ട് കുട്ടികളെ ബാലവേല ചെയ്യിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ തൊഴിൽവകുപ്പ് ഇടപെടണ മെന്നും; കുട്ടികൾ സ്കൂളിൽ പോയി പഠിക്കാനുള്ള സാഹചര്യം ഒരുക്കണ മെന്നും സാമൂഹ്യ നീതി വകുപ്പിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവ ത്തോടുകൂടി തന്നെയാണ് ഞാൻ ഉൾക്കൊള്ളുന്നത്. ഏതാനും ആഴ്ച കൾക്കുമുമ്പ് ഇതുമായി ബന്ധപ്പെട്ട് ചില പത്രവാർത്തകൾ വന്നതിനെത്തു ടർന്ന്, ഡിസ്ട്രിക്ട് ലേബർ ഓഫീസർ (ഡി.എൽ.ഒ.) അവിടെ നേരിട്ട്

പരിശോധന നടത്തുകയുണ്ടായി. എന്നാൽ അന്ന് വന്ന പത്രവാർത്ത വളരെ exaggerated version ആണെന്നാണ് അറിയാൻ സാധിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടെ ഞാൻ ഉൾക്കൊള്ളുന്നു. തൊഴിൽ വകുപ്പിന് ഇക്കാര്യങ്ങൾക്കൊക്കെ ചില പരിമിതികളുണ്ട്. ചൈൽഡ് ലേബർ ആക്ടിൽ അഗ്രികൾച്ചർ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്; അവിടെ 15 ഒക്യുപ്പേഷനും 57 പ്രോസസ്സും പറഞ്ഞിട്ടുണ്ട്; പക്ഷേ അഗ്രികൾച്ചർ പൂർണ്ണ മായും ആ ആക്ടിൽനിന്നും ഒഴിവായിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, സ്കൂളുകളിൽ പോകുന്ന കുട്ടികൾക്ക് വിദ്യാർത്ഥി സംഘടനകളും സാമൂഹ്യ പ്രസ്ഥാനങ്ങളും കൂടിച്ചേർന്ന് ഒരു ബോധവൽക്ക രണം നടത്തുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്. തമിഴ്നാട് സ്വദേശികൾ കേരളത്തിൽ താൽക്കാലികമായി വന്ന് താമസിക്കുന്നവരാണ് എന്നാണ് വന്ന പത്ര വാർത്ത. അവരുടെ ഒരു സംസ്കാരത്തിന്റെ ഭാഗമായി അച്ഛൻ, അമ്മ, കുഞ്ഞ് എല്ലാവരും കൂടി ചേർന്നാണ് പണിയെടുക്കാൻ പോകുന്നത്. ആ സിറ്റ്വേഷൻ കൂടി കണക്കിലെടുത്തുകൊണ്ട് തൊഴിൽ വകുപ്പും സാമൂഹ്യനീതി വകുപ്പും കൂടി ചേർന്ന് മുൻകയ്യെടുക്കുകയും എൻ.ജി.ഒ.കളെ ഉൾപ്പെടുത്തി, ഇത്തരം പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഒരു അവയർനെസ്സ് ക്യാമ്പയിൻ നടത്തി, ഇതിൽനിന്നുള്ള ഒരു മോചനം ഉറപ്പുവരുത്താൻ വേണ്ടി ഗവൺമെന്റ് പരിശ്രമിക്കാം.

ക്വാറി പ്രവർത്തനം

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്ത് പരിസ്ഥിതിക്കും ജൈവ ആവാസ മേഖലകൾക്കും കനത്ത നാശം വിതയ്ക്കുന്ന രീതിയിൽ അനിയ

ന്ത്രിതമായി ക്വാറി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 02-12-2013 വരെ പഞ്ചായത്ത് വകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങളിലെ ലൈസൻസുള്ള 948 ക്വാറികളും ലൈസൻസില്ലാത്ത 505 ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രീ. സി.പി. മുഹമ്മദ് ചെയർമാനായ നിയമസഭാ പരിസ്ഥിതി സമിതി റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ അടുത്ത കാലത്ത് പത്രവാർത്തയായി വന്ന ഒരു വിഷയമാണ് തിരുവനന്തപുരം ജില്ലയിലെ മൂക്കുന്നിമലയിൽ പാറക്വാറികളും ക്രഷർ യൂണിറ്റുകളുമടക്കം 15 എണ്ണത്തിനാണ് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ 60 ഓളം പാറമടകൾ പ്രസ്തുത സ്ഥലത്തു മാത്രം പ്രവർത്തിക്കുന്നതായി വിജിലൻസ് കണ്ടെത്തുകയുണ്ടായി. കേരളത്തിൽ 4070 മേഖലകളിൽ അനധികൃതമായി പാറപൊട്ടിക്കൽ, മണ്ണു ഖനനം എന്നിവ നടക്കുകയാണ്. 2006-ലെ പാരിസ്ഥിതിക ആഘാത വിജ്ഞാപനവും തുടർഭേദഗതികളും അനുസരിച്ച് ക്വാറി പാട്ടം പുതുതായി അനുവദിക്കാനും നിലവിലുള്ളവ പുതുക്കാനും അനുമതി ആവശ്യമാണ്. എന്നാൽ സംസ്ഥാനങ്ങളിലെ മിക്ക പ്രദേശങ്ങളിലും ക്വാറി മാഫിയകൾ യാതൊരു തരത്തിലുള്ള അനുമതിയുമില്ലാതെയാണ് പാറപൊട്ടിക്കലും മണ്ണ് ഖനനവും നടത്തുന്നുവെന്നത് വളരെയേറെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. കരിങ്കൽ ക്വാറികൾ പ്രവർത്തിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതിക്കുപുറമേ എക്സ്പ്ലോസീവ് ലൈസൻസ്, ബ്ലാസ്റ്റ്മെൻ ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഡി.ആന്റ്.ഒ. ലൈസൻസ് എന്നിവ കൂടി ഹാജരാക്കുന്ന മുറയ്ക്ക് കരിങ്കൽ നീക്കാനുള്ള പി.ഫോറം പോലും നൽകാൻ

പാടുള്ളുവെന്നാണ് നിയമം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചട്ടങ്ങളെല്ലാം പൂർണ്ണമായും കാറ്റിൽപ്പറത്തി, ഒരു ക്വാറിക്ക് ലഭിച്ച അനുമതിയുടെ മറവിൽ, മറ്റു നിരവധി ക്വാറികൾ പ്രവർത്തിക്കുന്ന ഭീകര കാഴ്ച്ചയാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത ക്വാറികൾക്കുമെതിരെ കർശന നടപടി സ്വീകരിക്കണം. പലപ്പോഴും തദ്ദേശവാസികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമെല്ലാം ഇത്തരം ക്വാറികൾ പ്രവർത്തിക്കാൻ പാടില്ലെന്ന് പറയുമ്പോൾ ഹൈക്കോടതിയിൽ പോയി കമ്മീഷൻ അടിസ്ഥാനത്തിൽ ആളുകളെവച്ച് അനുമതി വാങ്ങിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സഭയിലുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന പല ക്വാറികൾക്കും പോലീസ് സഹായം നൽകുകയാണ്. ഇത്തരത്തിലുള്ള അനധികൃത ക്വാറികൾക്കെതിരെ നടക്കുന്ന വലിയ ബഹുജനപ്രക്ഷോഭങ്ങളെ പോലീസ് മന:പൂർവ്വം അടിച്ചമർത്തുകയാണ്. മൂക്കുന്നിമലയിലുണ്ടായത് എന്താണ്? അവിടെ ക്വാറിക്ക് എതിരെ സമരം ചെയ്യുന്ന കുട്ടികളെ പോലീസ് മർദ്ദിക്കുകയും ലോക്കപ്പിൽ ഇടുകയും ചെയ്തു. 2013 ഡിസംബറിലെ കണക്കാണ് ശ്രീ. സി.പി. മുഹമ്മദ് ചെയർമാനായ നിയമസഭാ പരിസ്ഥിതി സമിതി റിപ്പോർട്ട് സഭയിൽ വച്ചത്. അന്നത്തെ കണക്കുപ്രകാരം 505 അനധികൃത ക്വാറികളുണ്ട്. അതിനുശേഷം ആറുമാസം പിന്നിടുകയും ചെയ്തു. ഇപ്പോൾ അതിനേക്കാൾ കൂടുതൽ അനധികൃതമായ ക്വാറികൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുകയാണ്. ഇവിടെ നിയമമുണ്ട്. ആ നിയമം നടപ്പിലാക്കേണ്ട വകുപ്പും സംവിധാനവുമുണ്ട്. സർക്കാർ ഇതൊന്നും കണ്ടില്ലെന്ന് നടിക്കുകയാണ്. നമ്മുടെ നാട്ടിൽ നിർമ്മാണപ്രവർത്തനങ്ങളും

വികസനവും ആവശ്യമാണ്. ആരും വികസനത്തിന് എതിരുമല്ല, പരിസ്ഥിതി തീവ്രവാദികളുമല്ല എന്ന യാഥാർത്ഥ്യബോധത്തോടുകൂടി കാണണം. നമ്മുടെ പ്രകൃതി വിഭവം പൂർണ്ണമായും ചൂഷണം ചെയ്ത് ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഇക്കാര്യത്തിൽ വളരെ ഗൗരവമായി മലിനീകരണ നിയന്ത്രണ ബോർഡ് ഇടപെടുകയും അനധികൃതമായ മുഴുവൻ ക്വാറികളും അടച്ചുപൂട്ടാൻ ശ്രമിക്കുകയുംവേണം. ഈ ബോർഡിനെത്തന്നെ സ്വാധീനിച്ചു വാങ്ങിയ ചില ലൈസൻസുകളുണ്ട്, അതുകൂടി പരിശോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ആഭ്യന്തരവകുപ്പിനും ഇതിൽ വലിയ പങ്കുണ്ട്. എന്തിനാണ് പോലീസുകാർ ഇത്തരത്തിലുള്ള അനധികൃതമായ ആളുകൾക്ക് കൂട്ടുനിൽക്കുന്നത്? മൂക്കുന്നിമലയിലെ സമരം സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്നതാണ്. അവിടെ വലിയ പ്രക്ഷോഭം നടന്നുവരികയാണ്. ഇതുപോലെ ഇത്രയും ഗൗരവമുള്ള ഒരു കാര്യമുണ്ടായിട്ട് ഇതിനെ കണ്ടില്ലെന്ന് നടിക്കരുത്. അതുകൊണ്ട് കേരളത്തിലെ അനധികൃതമായ മുഴുവൻ ക്വാറികളും അടച്ചുപൂട്ടണം. അതിനുവേണ്ടി മുൻകയ്യെടുക്കണമെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീകണ്ഠൻ നായരുടെ ഡെപ്യൂട്ടേഷൻ ക്യാൻസൽ ചെയ്തതുകൊണ്ട് അദ്ദേഹം പരിസ്ഥിതി ഡയറക്ടറേറ്റിൽ നിന്ന് പോയി ഇപ്പോൾ അദ്ദേഹം മലിനീകരണ നിയന്ത്രണബോർഡിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ആണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്നത് എന്നുള്ളതുകൊണ്ട് ഒരു കളിയും അവിടെ നടക്കില്ല എന്ന കാര്യം സഭയ്ക്കും ജനങ്ങൾക്കും അറിയാവുന്നതാണ്. അദ്ദേഹത്തെ സൂക്ഷിക്കണമെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, 3−10−2006-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എയർ പൊല്യൂഷൻ ആക്ട് സെക്ഷൻ 21 അനുസരിച്ച് ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം പൊല്യൂഷൻ കൺട്രോൾ ബോർഡിന് ലഭിച്ചു. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിന്റെ ലൈസൻസും എക്സ്പ്ലോസീവ് ലൈസൻസും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ അനുവാദവും വാങ്ങിയതിനുശേഷമാണ് പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ് നൽകുന്നത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസില്ലാതെ ക്വാറികൾ പ്രവർത്തിക്കാൻ പാടില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന നിരവധി ക്വാറികളുണ്ട്. ശ്രീ. സി.പി. മുഹമ്മദ് ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് 500-ൽ അധികം ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. മൂക്കുന്നിമലയിലെ കേസ് പത്രത്തിൽ വന്നപ്പോൾ അക്കാര്യം അന്വേഷിക്കാനായി പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തുകയും അവിടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്ക് സ്റ്റോപ്പേജ് മെമ്മോ കൊടുക്കാനും ക്വാറി ഉടമകൾക്കെതിരെ നടപടി കൈക്കൊള്ളാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ഭാഗത്തും അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതായാണ് നിയമസഭാ സമിതി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 500-ലധികം ക്വാറികൾ ലൈസൻസ് ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ശ്രീ. റ്റി.എൻ.

പ്രതാപൻ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇത് പരിശോധിച്ച് ലൈസൻസ് ഇല്ലാതെ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് ക്യാൻസൽ ചെയ്യുകയും അവരുടെ പേരിൽ ശക്തമായ നടപടി കൈക്കൊള്ളുകയും ചെയ്യും. ബഹുമാനപ്പെട്ട മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. ശ്രീകണ്ഠൻനായരുടെ ഡെപ്യൂട്ടേഷൻ ക്യാൻസൽ ചെയ്ത് പൊല്യൂഷൻ കൺട്രോൾ ബോർഡിലേയ്ക്ക് തിരിച്ചയച്ചു എന്നാണ് എന്റെ അറിവ്. അദ്ദേഹം പൊല്യൂഷൻ കൺട്രോൾ ബോർഡിലേയ്ക്ക് തിരികെ വന്നാൽ അസിസ്റ്റന്റ് എൻവയോൺമെന്റ് ഓഫീസറായി ജോലി ചെയ്യാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അനധികൃതമായി പ്രവർത്തിക്കുന്ന ഒരു ക്വാറിയേയും പോലീസുകാർ സഹായിക്കരുതെന്ന് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പാലിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ അനധികൃത ക്വാറികൾ പ്രവർത്തിക്കാൻ സഹായിക്കുന്നുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് സംബന്ധിച്ച് ഇന്നലെ ഗ്രീൻ ട്രിബ്യൂണലിൽ ഒരു കേസുണ്ടായിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ അഭിപ്രായം അവിടെ അറിയിച്ചിട്ടുണ്ട്.

## സംവരണം അട്ടിമറിക്കാനുള്ള നീക്കം

ശ്രീമതി ജമീലാ പ്രകാശം: സർ, മണ്ഡൽ കമ്മീഷൻ കേസിലെ സുപ്രീം കോടതി വിധിയെത്തുടർന്ന് 08-09-1993-ൽ കേന്ദ്ര സർക്കാർ

പുറത്തിറക്കിയ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ കേന്ദ്ര ഗവൺമെന്റ് സർവീസിലും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങ ളിലും പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണം നടപ്പിലാക്കുമ്പോൾ ഒഴിവാക്കപ്പെടേണ്ട മേൽത്തട്ടുകാർ ആരൊക്കെയാണെന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി, അതായത് ക്രിമിലെയർ. 5 ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ കാർഷിക വരുമാനവും സർക്കാർ സർവീസിലെ താഴ്ന്ന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ വരുമാനവും ഇക്കാര്യത്തിൽ പരിഗണിക്കാൻ പാടില്ലെന്നുള്ള നിർദ്ദേശവും അതിലുണ്ടായിരുന്നു. നേരത്തെതന്നെ സംവരണ വ്യവസ്ഥ നിലവിലുണ്ടായി രുന്ന കേരളം പോലെയുള്ള സംസ്ഥാനങ്ങളിലും ക്രിമിലെയർ വ്യവസ്ഥ നടപ്പിലാക്കണമെന്നുള്ള സ്ഥിതി വിശേഷം അപ്പോൾ നിലവിൽ വരികയു ണ്ടായി. കേരളത്തിൽ ക്രിമിലെയർ വ്യവസ്ഥ നടപ്പിലാക്കിയപ്പോൾ ഇരട്ട ത്താപ്പ് നയമാണ് സ്വീകരിക്കപ്പെട്ടത്. സംവരണം പരിമിതപ്പെടുത്തേണ്ട ജോലിക്കാര്യത്തിൽ ധൃതിപിടിച്ച് ക്രിമിലെയർ വ്യവസ്ഥ കൊണ്ടുവരികയും പണ്ടുണ്ടായിരുന്നതിൽനിന്നും കൂടുതൽ ഉദാരമാക്കേണ്ട വിദ്യാഭ്യാസ കാര്യ ത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ച ക്രിമിലെയർ വ്യവസ്ഥ നടപ്പിലാക്കാതിരി ക്കുകയുമാണ് സംസ്ഥാന സർക്കാർ ചെയ്തത്. ഇതൊരു ഗൂഢാലോചന യുടെ ഫലമാണ്. 2014—15 അക്കാദമിക് വർഷം മുതൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ക്രിമിലെയർ വ്യവസ്ഥ മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് കേരളത്തിൽ നിർബന്ധമായും നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതി വി.വി.ഹംസ കേസിലെ വിധി ന്യായത്തിലൂടെ 2013-ൽ നിർദ്ദേശിക്കുകയുണ്ടായി. ഇത്

2014–15 മുതൽ അനുവർത്തിക്കേണ്ട രീതിയാണ്. എന്നാൽ അതനുസരിച്ചുള്ള മാറ്റം പ്രോസ്പെക്ടസിൽ വരുത്തിയിട്ടില്ല. മാത്രമല്ല, 12–12–2013 മുതൽ 6 മാസത്തേയ്ക്ക് ക്രിമിലെയർ തത്വം നടപ്പിലാക്കുന്നത് നീട്ടിക്കിട്ടാൻ വേണ്ടി സർക്കാർ ഇപ്പോൾ ഹൈക്കോടതിയിൽ ഇന്റർലൊക്യൂട്ടറി ആപ്ലിക്കേഷൻ ഫയൽ ചെയ്യുകയുണ്ടായി. പിന്നോക്കക്കാരുടെ സംവരണം ഏത് രീതിയിലെങ്കിലും അട്ടിമറിക്കാൻ ഗൂഢമായ രീതിയിൽ നീക്കങ്ങൾ നടത്തുന്ന സംവരണവിരുദ്ധ ലോബികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത് എന്ന ആക്ഷേപം ഞാൻ ഉന്നയിക്കുന്നു. ഇത്തരത്തിലുള്ള നീക്കത്തിൽനിന്ന് ഗവൺമെന്റ് പിൻതിരിയണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, മറ്റു പിന്നോക്കവിഭാഗക്കാരുടെ സംവരണം സംബന്ധിച്ച കേസുകളിലെ സുപ്രീം കോടതി വിധിയെ തുടർന്ന് 08–09–1993-ലെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടമനുസരിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ക്രിമിലെയർ പരിധിയിൽ വരുന്ന ഒ.ബി.സി വിഭാഗത്തിന് സംവരണം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ കേരളത്തിൽ മറ്റു പിന്നോക്കവിഭാഗക്കാരുടെ സംവരണത്തിന് നടപടികൾ വളരെ മുമ്പുതന്നെ സ്വീകരിച്ചുവന്നിരുന്നു. ഈ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02–05–1966 -ലെ ജി.ഒ.(പി) നമ്പർ 808/66 പ്രകാരവും തുടർന്നുള്ള ഭേദഗതികളിലൂ

ടെയും എസ്.ഇ.ബി.സി (Socially and Educationally Backward Classes) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കാണ് സംവരണം നടപ്പാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സിലെ പ്രോസ്പെക്ടസിലും പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എസ്.ഇ.ബി.സി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സംവരണം അനുവദിച്ചിട്ടുള്ളത്. എസ്.ഇ.ബി.സി വിഭാഗത്തിന്റെ ക്രിമിലെയർ വാർഷിക വരുമാന പരിധി സർക്കാർ നിയോഗിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപയായിരുന്നു. 14–10–2008–ലെ കേന്ദ്ര സർക്കാർ ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ജസ്റ്റീസ് രാജേന്ദ്ര ബാബു കമ്മീഷൻ സമർപ്പിച്ച അന്തിമ റിപ്പോർട്ട് നടപ്പിൽ വരികയും വരുമാന പരിധി 4.5 ലക്ഷം രൂപയായി നിശ്ചയിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ എസ്.ഇ.ബി.സി സംവരണം സംബന്ധിച്ച ഓഫീസ് മെമ്മോറാണ്ടം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പൂർണ്ണമായും നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി.വി. ഹംസ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ. പി.സി. നം. 29271/12 പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി നിഷ്കർഷയ്ക്കുവിധേയമായി എസ്.ഇ.ബി.സി സംവരണത്തിനായുള്ള ക്രിമിലെയർ തത്വം നിശ്ചയിക്കാനുള്ള അധികാരം അതത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ട്. കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തേണ്ടതിനാൽ പ്രസ്തുത വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും 07–08–2013–ലെ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി കേന്ദ്ര

സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അശോക് കുമാർ താക്കൂർ കേസിലെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഒ.ബി.സി സംവരണം സംബന്ധിച്ച പഠനം നടത്തിയ ശേഷം 2014-15 അക്കാദമിക് വർഷത്തിൽ നടപ്പിലാക്കാനുള്ള വിധി 07-08-2013-ൽ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപര വുമായ പിന്നോക്കാവസ്ഥയും കുടുംബവരുമാനവും പരിഗണിച്ച് പിന്നോക്ക വിഭാഗത്തിലെ ക്രിമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് ഒരു പഠനം നടത്തുവാനും അപ്രകാരം നടത്തുന്ന പഠനത്തിന് വിധേയമായി 2014-15 വർഷത്തെ സംവരണം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ജസ്റ്റീസ് ശിവരാജൻ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത പഠനം നടത്തുവാൻ കൂടുതൽ സമയം ആവശ്യമുണ്ടെന്നും അതിനാൽ 2014-15 അക്കാദമിക് വർഷം പ്രസ്തുത പഠനം പൂർത്തിയാ ക്കാൻ സാധിക്കുകയില്ലെന്നുമുള്ള വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുകയും കൂടുതൽ സമയം ആവശ്യപ്പെട്ടതനുസരിച്ച് 2014-15-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സിലെ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കാൻ തടസ്സമില്ലെന്ന് 17-12-2013-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സിലെ എസ്.ഇ.ബി.സി വിദ്യാർത്ഥികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ

ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേന്ദ്ര സർക്കാരിന്റെ 27–05–2013–ലെ ഓഫീസ് മെമ്മോറാണ്ട പ്രകാരവും കമ്മീഷന്റെ അന്തിമ റിപ്പോർട്ടിനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്കും വിധേയമായി 2014–15 അക്കാദമിക് വർഷത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് എസ്.ഇ.ബി.സി സംവരണ വരുമാന പരിധി 6 ലക്ഷം രൂപയായി 09–01–2014–ലെ സർക്കാർ ഉത്തരവ് എം.എസ് നം. 3/14 പി.സി വി.വ. നം. ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2014–15 അക്കാദമിക് വർഷത്തിലെ പ്രൊഫഷണൽ കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസിൽ പ്രൊഫഷണൽ കോഴ്സുകളിൽ എസ്.ഇ.ബി.സി വിഭാഗത്തിൽ പ്രവേശനം നേടുന്നതിനായുള്ള വാർഷിക വരുമാനപരിധി 6 ലക്ഷം രൂപയായി ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവേശന നടപടികൾ നടന്നുവരികയുമാണ്. അതുകൊണ്ട് യാതൊരു ആശങ്കയ്ക്കും അവകാശമില്ല.

## <u>നന്നംമുക്ക് പോളിടെക്നിക്ക്</u>

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക സ്ഥാപനങ്ങളും വളരെ കുറഞ്ഞ തീരദേശ മണ്ഡലമാണ് പൊന്നാനി. അവിടെ നന്നംമുക്കിൽ ഒരു പോളിടെക്നിക് ആരംഭിക്കുന്നതിനു വേണ്ടി 2010–ൽ സർക്കാർ സ്ഥലം കണ്ടെത്തുകയും കെട്ടിടനിർമ്മാണത്തിനായി ബഡ്ജറ്റിൽ ഏതാണ്ട് 2 കോടി രൂപ വകയിരുത്തുകയും ചെയ്തതാണ്.

മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലയുടെ അതിർത്തി പ്രദേശമായ ഈ പ്രദേശത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ല. ഈ വിഷയം നിരവധി തവണ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഇനി പോളിടെക്നിക്കുകൾ അനുവദിക്കുമ്പോൾ, മുൻകൂട്ടി സർക്കാർ സ്ഥലം കണ്ടെത്തുകയും പണം അനുവദിക്കുകയും ചെയ്ത ഈ പ്രദേശത്തിന് പരിഗണന നൽകുമെന്ന് സഭയിലും പുറത്തും ഉറപ്പ് നൽകിയിരുന്നതാണ്. എന്നാൽ പുതിയ പോളിടെക്നിക്കുകൾ ഇപ്പോൾ സംസ്ഥാനത്ത് അനുവദിക്കാനുള്ള ശ്രമം ആരംഭിച്ചതായി അറിയുന്നു. പോളിടെക്നിക്കിനായി സർവ്വകക്ഷി നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ അവിടെ നടന്നുവരികയാണ്. ആയതിനാൽ സ്വന്തമായി 5 ഏക്കർ ഭൂമിയും ബഡ്ജറ്റിൽ 2 കോടി രൂപയും താൽക്കാലികമായി ക്ലാസ് തുടങ്ങുന്നതിന് ടെക്നിക്കൽ സ്കൂളിന്റെ കെട്ടിട സൗകര്യങ്ങളുമുള്ള സ്ഥലത്ത് പോളിടെക്നിക് തുടങ്ങുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, മലപ്പുറം ജില്ലയിൽ ആകെ 4 പോളിടെക്നിക്കുകളും 2 ടെക്നിക്കൽ ഹൈസ്കൂളുകളുമാണ് സാങ്കേതിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നത്. തീരദേശ മണ്ഡലമായ പൊന്നാനി താലൂക്കിൽ പോളിടെക്നിക്കുകൾ നിലവിലില്ലായെന്നതും നിർധനരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് പ്രയാസം നേരിടുന്നുവെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോളിടെക്നിക് സ്ഥാപിക്കുന്നതിന് കോക്കൂർ ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് സ്ഥലം ലഭ്യമാണ്. അതിനാൽ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള ഭൗതിക

സാഹചര്യങ്ങൾ നിലവിലുണ്ട്. 2009-10 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രസ്തുത പോളിടെക്നിക്കിന്റെ കെട്ടിടനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് 2.5 കോടി രൂപ നീക്കിവച്ചെങ്കിലും അതിന് അനുബന്ധമായി വേണ്ടിവരുന്ന അധികതുക വകകൊള്ളിച്ചിരുന്നില്ല. ആയതിനാൽ തുടർ നടപടികളും സാധ്യമായില്ല. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിരുന്നത്. പോളിടെക്നിക് സ്ഥാപിക്കുമ്പോൾ അധികമായി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നോൺ റെക്കറിംഗ് എക്സ്പെഡീച്ചർ അഥവാ ഒറ്റത്തവണ ചെലവുകളേക്കാൾ തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ആവർത്തന ചെലവുകളാണ് ദീർഘകാലാടിസ്ഥാനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നത്. സർക്കാർ മേഖലയിൽ, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പോളിടെക്നിക് ആരംഭിക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലും തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, കോഴിക്കോട് ജില്ലയിലെ മുക്കം എന്നിവിടങ്ങളിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് 2014-15 ബഡ്ജറ്റ് പ്രസംഗത്തിലും പ്രൊപ്പോസൽ ഉണ്ടായിരുന്നു. കൂടാതെ മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും ഒരു പോളിടെക്നിക് വേണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ ഇവയൊന്നുംതന്നെ യാഥാർത്ഥ്യമായിട്ടില്ല. ചുരുക്കത്തിൽ പൊന്നാനിയിൽ ഉൾപ്പെടെ മേൽപ്പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ അധികസാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി

അനുവദിക്കുന്നില്ലെങ്കിലും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിശോധിക്കുന്നതാണ്.

## സർക്കസ് അക്കാഡമി

ശ്രീ. കെ. കെ. നാരായണൻ : സർ, സർക്കസ് കലയുടെ ആചാര്യൻ കീലേരി കുഞ്ഞിക്കണ്ണൻ ടീച്ചറുടേയും ലോകപ്രശസ്ത സർക്കസ് കലാകാരൻ ജെമിനി ശങ്കരന്റേയും നാടായ തലശ്ശേരി, സർക്കസ് കലയുടെ ഈറ്റില്ലം എന്നാണ് അറിയപ്പെടുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അവസാന കാലത്ത് തലശ്ശേരിയിൽ ഒരു സർക്കസ് അക്കാഡമി സ്ഥാപിക്കുകയുണ്ടായി. രാജ്യത്തെ ഏക അക്കാഡമിയാണ് തലശ്ശേരിയിൽ സ്ഥാപിക്കപ്പെട്ടത്. കഴിഞ്ഞ മൂന്ന് വർഷമായി ഗവൺമെന്റ് ആ അക്കാഡമി ശ്രദ്ധിക്കാറില്ല. അവിടെ അടിസ്ഥാന സൗകര്യമൊരുക്കാൻ വേണ്ടി കഴിഞ്ഞ ഗവൺമെന്റ് 1 കോടി 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. കെട്ടിടം നിർമ്മിക്കാൻ തലശ്ശേരിയിലും പരിസരത്തുമായി സ്ഥലം കണ്ടെത്തുകയാണ്. അതിനാണ് പണം അനുവദിച്ചതെങ്കിലും ഇതുവരെ അന്വേഷിച്ചിട്ടില്ല. അടച്ചുപൂട്ടിയ സിനിമാ ടാക്കീസ് വാടകയ്ക്കെടുത്താണ് അക്കാഡമി പ്രവർത്തനം ആരംഭിച്ചത്. ഉപകരണങ്ങൾ ഒന്നും വാങ്ങിയിരുന്നില്ല. തലശ്ശേരി സായിയിൽ നിന്നും കടംവാങ്ങിയ 4 ഫൈബർഫോം ബെഡ്ഡുകളാണ് അവിടെ ഉപയോഗിക്കുന്നത്. ഒരു ഗവേർണിംഗ് ബോഡി കഴിഞ്ഞ ഗവൺമെന്റ് രൂപീകരിച്ചിരുന്നു. കഴിഞ്ഞ 3 വർഷമായി ഗവേർണിംഗ് ബോഡി വിളിച്ച് ചേർക്കാറില്ല. ഗവേർണിംഗ് ബോഡി അദ്ധ്യക്ഷൻ കളക്ടറാണ്. അക്കാഡമി ആണെന്നാണ് പറയുന്നതെങ്കിലും ഒരു അക്കാഡമിക്ക് കൗൺസിൽ ഇതുവരെ രൂപീകരിക്കുകയോ സിലബസ് നിശ്ചയിക്കുകയോ

സർട്ടിഫിക്കറ്റ് കൊടുക്കുകയോ ചെയ്തിട്ടില്ല. എത്ര കാലത്തേയ്ക്കാണ് കോഴ്സെന്ന് പറഞ്ഞിട്ടില്ല. കുട്ടികളെ ചേർക്കുന്നതിനുവേണ്ടി അറിയിപ്പു പോലും ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. സർക്കസ് കമ്പനികൾ അയച്ചു കൊടുക്കുന്ന 8–10 കുട്ടികളെ വച്ചുകൊണ്ടാണ് പരിശീലനം നടത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്......കൺക്ലൂഡ്....രണ്ടര മിനിട്ടായി. ഒരു സബ്മിഷന് എത്ര സമയം വേണം.

ശ്രീ. കെ. കെ. നാരായണൻ : സർ, നേരത്തെ 10 മിനിട്ടെടുത്തു. എന്റെ ഒരു സ്ഥാപനം അടച്ചുപൂട്ടുന്ന കാര്യമാണ് ഞാൻ പറയുന്നത്. പഠിപ്പിക്കാനാവശ്യമായ ഉപകരണങ്ങൾ ഇല്ലാത്തതുകൊണ്ടും എന്തുപഠിപ്പിക്കണമെന്ന് തീരുമാനിക്കാത്തതുകൊണ്ടും തവളച്ചാട്ടവും മലക്കംമറിച്ചിലും മാത്രമാണ് പഠിപ്പിക്കുന്നത്. ഈ സ്ഥാപനം ആരംഭിക്കുന്ന ഘട്ടം മുതൽ വകുപ്പു സെക്രട്ടറി ഇതുമായി സഹകരിക്കാതെ, സ്ഥാപനം അടച്ചുപൂട്ടാൻ തക്കംപാർത്ത് നടക്കുകയായിരുന്നു. ഇപ്പോൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുപറയുന്ന ന്യായം ആ സ്ഥാപനം അൺ ഇക്കണോമിക് ആണെന്നാണ്. അവിടെ ചെലവിന് കാശും ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും കൊടുക്കാറില്ല, 11 ലക്ഷം രൂപ കൊടുക്കാൻ ബാക്കിയുണ്ട്. ആക്ഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ അവിടെയിപ്പോൾ വലിയ പ്രതിഷേധമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്......കൺക്ലൂഡ്....നാല് മിനിട്ടായി. അംഗങ്ങൾ ഇങ്ങനെ വാശി പിടിക്കരുത്. ഇത് അടിയന്തരപ്രമേയമോ ശ്രദ്ധക്ഷണിക്കലോ അല്ല, സബ്മിഷനാണ്. 4 മിനിട്ടിൽ കൂടുതൽ സബ്മിഷന് വേണമെന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകും.

ശ്രീമതി കെ.കെ. ലതിക : ശ്രീ. റ്റി.എൻ. പ്രതാപന് 6 മിനിട്ട് കൊടുത്തു.

ശ്രീ. കെ. കെ. നാരായണൻ: ലോകത്ത് റഷ്യയിലും ചൈനയിലും കഴിഞ്ഞാൽ സർക്കസ് കലയ്ക്ക് വേണ്ടി മൂന്നാമത്തെ അക്കാഡമിയാണ് തലശ്ശേരിയിൽ പ്രവർത്തിക്കുന്നത്. ആ അക്കാഡമിയാണ് ഈ അടുത്ത കാലത്ത് സ്പോർട്സ് വകുപ്പ് അടച്ചുപൂട്ടാൻ തീരുമാനിച്ചത്. സങ്കടത്തോടെ പറയട്ടെ, സർക്കസ് കല സ്പോർട്സ് അല്ല; അതൊരു കലയാണ്; അത് സാംസ്കാരിക വകുപ്പിന് കീഴിലാണ് വരേണ്ടത്. സ്പോർടസ് വകുപ്പിന് ഇഷ്ടമില്ലാത്തതുകൊണ്ട് അടച്ചുപൂട്ടാൻ തീരുമാനിച്ചപ്പോൾ വൻപ്രതിഷേധ മാണ്. അതുകൊണ്ട് സ്ഥാപനം അടച്ചുപൂട്ടാനുള്ള നടപടി സ്വീകരിക്കാൻ പാടില്ല. തുടർന്ന് സജീവമായി പ്രവർത്തിക്കാനാവശ്യമായ, ഇൻഡ്യൻ സർക്കസ് കലയ്ക്ക് മുതൽകൂട്ടാവുന്ന ഈ അക്കാഡമി പ്രവർത്തിപ്പി ക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2010 ആഗസ്റ്റ് മാസം, സിനിമ ടാക്കീസിലാണ് സർക്കസ് അക്കാഡമി താൽക്കാലികമായി പ്രവർത്തനമാരംഭിച്ചത്. അതിനുശേഷം തുടർന്നുള്ള വർഷങ്ങളിൽ പരിശീ ലനത്തിനായി അപേക്ഷ ക്ഷണിച്ചെങ്കിലും ഈ അദ്ധ്യയനവർഷം വരെ മലയാളിയായ ഒരു വിദ്യാർത്ഥിയേയും പരിശീലനത്തിന് കിട്ടിയിട്ടില്ല. എനിക്ക് ശ്രീ. കെ.കെ. നാരായണനോട് സഹതാപമുണ്ട്. താങ്കൾ പറഞ്ഞ എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുന്നു. അവിടെ പരിശീലിപ്പിക്കാൻ കുട്ടികളെ കിട്ടണം. ഇപ്പോൾ പ്രക്ഷോഭം നടത്തുന്ന സഹോദരന്മാരുടെ സഹായത്തോടെ സ്ഥാപനത്തിൽ അംഗത്വം വർദ്ധിപ്പിക്കുന്നതിനുള്ള

പരിശ്രമം നടക്കണം. മാത്രമല്ല, താൽക്കാലികമായി അനുവദിച്ച തസ്തിക കളിൽ ജോലി നോക്കിയിരുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ട്രെയിനർ, കുക്ക് എന്നിവർക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ ധനകാര്യവകുപ്പിനെ സമീപിച്ചു. പക്ഷേ, സർക്കസ് അക്കാഡമിയുടെ പ്രവർത്തനം, കുട്ടികൾ ലഭിക്കാത്ത സാഹചര്യത്തിൽ അടച്ചുപൂട്ടുകയോ ബദൽ സംവിധാനം കണ്ടെ ത്തുകയോ ചെയ്യണമെന്നുള്ള ഒപ്പീനിയനാണ് ധനകാര്യവകുപ്പിൽ നിന്നും ലഭിച്ചത്.

ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങളിത് പലപ്രാവശ്യം ആലോചിച്ചു. അക്കാഡമിയിൽ ഇപ്പോൾ അന്യസംസ്ഥാനക്കാരായ 7 കുട്ടി കൾ മാത്രമേയുള്ളൂ. അവർ സർക്കസ് അക്കാഡമി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഈ വിവരം അറിയിച്ചു. അങ്ങുപറഞ്ഞ ഒരു കാര്യം ശരിയാണ്. വിശദമായ ചർച്ചകളുടെ അവസാനം നിലവിലുള്ള കുട്ടികൾക്ക് ജിംനാസ്റ്റിക്സിൽ പരിശീലനം നൽകുന്നതിനുവേണ്ടി തലശ്ശേരിയിലെ സായി സെന്ററുമായി ചേർന്ന് നടപടി സ്വീകരിക്കാമെന്ന് തീരുമാനമെടുത്തു. ആ സമയത്താണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ എനിക്കൊരു കത്ത് നൽകിയത്. ഈ സ്ഥാപനം തുടർന്നുപോകണമെന്നുള്ള ഒരു ആഗ്രഹപ്രകടനം ആ കത്തിനകത്തുണ്ടായിരുന്നു. ആ കത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനുമുമ്പ് അക്കാഡമി സന്ദർശിച്ച് ഒരു സ്പോട്ട് ഇൻസ്പെക്ഷൻ നടത്തി വിശദമായ റിപ്പോർട്ട് സഹിതം സമർപ്പിക്കാൻ കായികകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങയുടെ ഈ ഒപ്പീനിയൻ കൂടി ഉൾക്കൊള്ളുന്നതാണ്. പക്ഷെ, അവിടെ സർക്കസ് പഠിക്കുന്നതിന് കുട്ടികളില്ലെങ്കിൽ സർക്കസ്

അക്കാഡമിയിൽ പരിശീലനം നൽകാൻ സാധിക്കില്ല. അതുകൊണ്ട് അവിടെ പഠിക്കാനുള്ള കുട്ടികളുണ്ടാകണം. അതിനുള്ള പരിശ്രമംകൂടി ലോക്കലായി നടത്തണം. സർക്കസ് അക്കാഡമി പൂട്ടണമെന്നാർക്കും ഒരാഗ്രഹവുമില്ല. അത് തുടരണം. പക്ഷെ പഠിക്കാൻ കുട്ടികളില്ലാതെ നമുക്ക് എന്തുചെയ്യാൻ സാധിക്കും? അതുകൊണ്ട് അതിനുള്ള പരിശ്രമംകൂടി നടത്തണം. ഏതായാലും ഈ റിപ്പോർട്ട് വന്നതിനുശേഷം അങ്ങുമായും നേരത്തെ ഈകാര്യം സംബന്ധിച്ച് എനിക്ക് കത്തുനൽകിയിട്ടുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണനുമായും ആലോചിച്ച്, മുൻസിപ്പാലിറ്റി, ബന്ധപ്പെട്ട ആളുകൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ഇതിൻമേൽ എന്തുനടപടിയെടുക്കാമെന്ന് നമുക്ക് ഫൈനലായി തീരുമാനിക്കാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. റ്റി. എൻ. പ്രതാപൻ സബ്മിഷൻ അവതരിപ്പിക്കാൻ 6 മിനിട്ടിൽ കൂടുതൽ സമയമെടുത്തുവെന്ന് ഇവിടെ നേരത്തെ ഒരു പരാമർശം വന്നു. അതിവിടെ ടൈം ബ്രേക്ക് ചെയ്യാതെ വന്നതുകൊണ്ടാണ്. മുമ്പുള്ള സബ്മിഷന്റെ ടൈംകൂടി ചേർത്താണ് 6 മിനിട്ട് കാണിച്ചത്. ശ്രീ. റ്റി. എൻ. പ്രതാപൻ ആറുമിനിട്ട് എടുത്തിട്ടില്ല. ടൈം ബ്രേക്ക് ചെയ്യാത്തത് അവിടെ വന്ന എന്തോ സാങ്കേതിക തകരാറു കൊണ്ടാണ്. മുമ്പ് അവതരിപ്പിച്ച സബ്മിഷന്റെ സമയംകൂടിച്ചേർന്ന് ഒരുമിച്ചു വന്നതുകൊണ്ടാണ് ഇവിടെ 6 മിനിട്ടെന്ന് കണ്ടത്. ശ്രീ. റ്റി. എൻ. പ്രതാപൻ 6 മിനിട്ട് എടുത്തിട്ടില്ല.

<u>പഞ്ചായത്ത് വിഭജനം</u>

<u>ശ്രീ. റ്റി. യു. കുരുവിള</u>: സർ, വിസ്തൃതിയിലും ജനസംഖ്യയിലും സാമ്പത്തിക ഭദ്രതയിലും മുന്നിൽ നിൽക്കുന്ന കോതമംഗലം നിയോജക

മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്ത് വിഭജിച്ച് നേര്യമംഗലം വില്ലേജുൾപ്പെടുത്തി നേര്യമംഗലം ഗ്രാമപഞ്ചായത്തും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിനെ വിഭജിച്ച് തൃക്കാരിയൂർ പഞ്ചായത്തും രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഞാനിവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോതമംഗലം മുൻസിപ്പാലിറ്റിയിലെ ജനസംഖ്യയിലും വിസ്തീർണ്ണത്തിലും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും ഉയർന്ന ഒരു പഞ്ചായത്താണ് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്. വളരെ മുമ്പുതന്നെ കവളങ്ങാട് പഞ്ചായത്തിന്റെ ജനസംഖ്യ 55,000 ആണ്. വിസ്തീർണ്ണം 63.49 ചതുരശ്ര മീറ്ററാണ്. നേര്യമംഗലം, കുട്ടമംഗലം എന്നീ രണ്ടു വില്ലേജുകൾ കൂട്ടിച്ചേർത്തതാണ് ഈ ഗ്രാമപഞ്ചായത്ത്. 1994–ൽ 104 പഞ്ചായത്തുകൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവിട്ടപ്പോൾ നേര്യമംഗലം ഗ്രാമപഞ്ചായത്ത് അതിൽ ഉണ്ടായിരുന്നു. എന്നാൽ ഇടുക്കിയുടെ ഒരു ഇഷ്യൂ വച്ച് ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് നിന്നുപോയതാണ്. അതുകൊണ്ട് വീണ്ടും അത് ഇപ്പോൾ പരിഗണിക്കണമെന്നാണ് പറയാനുള്ളത്. നേര്യമംഗലം ഹൈറേഞ്ചിന്റെ കവാടമാണ്. അവിടെ നവോദയ സ്കൂൾ, ജില്ലാ കൃഷിഭവൻ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തുടങ്ങിയവയെല്ലാമുണ്ട്. സാമ്പത്തികമായി നല്ല നിലയിലുമാണ്. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ജനസംഖ്യയിലും വിസ്തീർണ്ണത്തിലും വളരെ മുന്നിൽ നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ്. ഏറ്റവും പുരാതനമായ തൃക്കാരിയൂർ അയ്യപ്പക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തും ഇതുപോലെ 1995–ൽ എറണാകുളം ജില്ലയിൽ അനുവദിച്ച പഞ്ചായത്തുകളിൽ അഞ്ചാം സ്ഥാനത്ത്

നോട്ടിഫിക്കേഷനുണ്ടായതാണ്. ഇതും ഇന്ന് രൂപീകരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഈ രണ്ട് പഞ്ചായത്തുകളും അടുത്ത നോട്ടിഫിക്കേഷനിലുൾപ്പെടുത്തി അനുവദിക്കണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2015-ലെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി 2011-ലെ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതും വികസിത പഞ്ചായത്തുകളെ മുൻസിപ്പാലിറ്റികളാക്കി പരിവർത്തനം ചെയ്യാവുന്നതുമാണ്. ഇതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുമായി പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, ചീഫ് ടൗൺ പ്ലാനർ എന്നിവരെ ഉൾപ്പെടുത്തി 10-06-2014-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും പഞ്ചായത്ത് ഡയറക്ടറെ സമിതിയുടെ കൺവീനറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തുകളുടെ വിഭജനവും രൂപീകരണവും ജനസംഖ്യയുടെയും വിസ്തീർണ്ണത്തിന്റെയും തനത് വരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്. ഇതിലേയ്ക്കായി രൂപീകരിച്ച പ്രസ്തുത സമിതി സമർപ്പിക്കുന്ന ശുപാർശകൾക്കനുസൃതമായി എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ കവളങ്ങാട് ഗ്രാമപഞ്ചായത്ത് വിഭജിച്ച് നേര്യമംഗലം വില്ലേജ് ഉൾപ്പെടുത്തി നേര്യമംഗലം ഗ്രാമപഞ്ചായത്തും നെല്ലിക്കുഴി

ഗ്രാമപഞ്ചായത്ത് വിഭജിച്ച് തൃക്കാരിയൂർ വില്ലേജ് ഉൾപ്പെടുത്തി തൃക്കാരിയൂർ ഗ്രാമപഞ്ചായത്തും രൂപീകരിക്കണമെന്ന വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ‘ജൻറം’ കുടിവെള്ള പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പശ്ചിമ കൊച്ചിക്കാരുടെ കുടിവെള്ളക്ഷാമത്തിന്റെ പരിഹാരത്തിനുള്ള അവസാന പദ്ധതിയാണ് ‘ജൻറം’ കുടിവെള്ളപദ്ധതി. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു കഴിഞ്ഞു. ഇതുപ്രകാരം പശ്ചിമ കൊച്ചിയിലേയ്ക്ക് വെള്ളം ലഭിക്കണമെന്നുണ്ടെങ്കിൽ തോപ്പുംപ്പടിയിലേയ്ക്കുള്ള ടാങ്കിലേയ്ക്ക് ഇപ്പോൾ ഐലൻഡിൽവരെ വന്നുനിൽക്കുന്ന ‘ജൻറം’ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈൻ നീട്ടണം. രണ്ടുമാസം മുമ്പ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ ഇതിന്റെ നടപടികൾക്കാവശ്യമായ പണം നൽകാമെന്നുള്ള ഉറപ്പ് നൽകിയിട്ടുണ്ട്. അടിയന്തരമായി അത് നടപ്പാക്കുകയും അതുവഴി പശ്ചിമ കൊച്ചിയടക്കമുള്ള പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള ശ്രമത്തിന് ആക്കം കൂട്ടുകയും വേണമെന്നതാണ് എന്റെ ആവശ്യം. അതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് മുൻകൈയെടുക്കണം. ഈയൊരു അവസരത്തിൽ ഇപ്പോൾ നേരിട്ട് തോപ്പുംപടിയിലേയ്ക്ക് പൈപ്പ് കണക്ഷൻ കിട്ടിയില്ലെങ്കിൽ ഇതിന്റെ പ്രയോജനം പശ്ചിമ കൊച്ചിക്ക് ലഭിക്കുകയില്ല. അതുകൊണ്ട്, അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കൊച്ചി 'ജൻറം' കുടിവെള്ളപദ്ധതിയിൽ കൊച്ചി തുറമുഖത്തിനും നേവൽ ബേസിനും വെള്ളമെത്തിക്കുന്നതിനുവേണ്ടി നെട്ടൂർ ശുദ്ധീകരണശാലയിലെ ക്ലിയർ വാട്ടർ സമ്പിൽനിന്നും മട്ടാഞ്ചേരി ഹോൾട്ടിലെ കൊച്ചി പോർട്ടിന്റെ ജലസംഭരണി, തേവരയിലെ ജലസംഭരണി എന്നിവയിലേയ്ക്കുള്ള 700 എം.എം.–ഡി.ഐ. പൊതു പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പണികൾ അവസാന ഘട്ടത്തിലാണ്. 'ജൻറം' പദ്ധതി ഒക്ടോബർ 14–ന് പൂർത്തീകരിക്കാനാകും. മേൽപ്പറഞ്ഞ പൈപ്പ്ലൈൻ ഹോൾട്ട് ജങ്ഷൻ മുതൽ മട്ടാഞ്ചേരി പാലംവരെ നീട്ടി തോപ്പുംപടി പമ്പ്ഹൗസിലേയ്ക്ക് എത്തിച്ചാൽ തോപ്പുംപടി ടാങ്കിൽനിന്ന് ഇപ്പോൾ കുടിവെള്ളം വിതരണം ചെയ്തുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ 'ജൻറം' പദ്ധതിയിൽ നിന്നുള്ള കുടിവെള്ളം ഉപയോഗിക്കാൻ സാധിക്കും. പെരുമാനൂരിൽ നിന്നും തോപ്പുംപടി ടാങ്കിലേയ്ക്ക് നൽകി കൊണ്ടിരിക്കുന്ന ജലംകൂടി കരുവേലിപ്പടിക്ക് അധികമായി ലഭ്യമാക്കാനും പശ്ചിമകൊച്ചിയിലെ മറ്റ് പ്രദേശങ്ങളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്താനും സാധിക്കും. 600 എം.എം.–ഡി.ഐ./എം.എസ്. പൈപ്പ് 850 മീറ്റർ നീളത്തിൽ മട്ടാഞ്ചേരി പാലത്തിലൂടെ സ്ഥാപിക്കേണ്ട ഈ പദ്ധതിക്ക് 376 ലക്ഷം രൂപ അടങ്കൽതുക പ്രതീക്ഷിക്കുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഏകദേശം 20,000 പേർക്ക് പ്രയോജനം ലഭിക്കും. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

## കുടിവെള്ള ക്ഷാമം

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കൊല്ലം നഗരം കുടിവെള്ളക്ഷാമം വളരെ രൂക്ഷമായിട്ടുള്ള ഒരു നഗരമാണ്. അവിടെ 50 എം.എൽ.ഡി. വെള്ളമാണ് ഒരുദിവസം വേണ്ടിവരുന്നത്. പരിസര പ്രദേശമായിട്ടുള്ള തൃക്കരുവ, തൃക്കടയൂർ, പനയം പഞ്ചായത്തുകളും കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളാണ്. ഇവിടെ ശാസ്താംകോട്ടയിൽനിന്നാണ് കുടിവെള്ളം ലഭിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ വരൾച്ചക്കാലത്ത് അൽപ്പം പോലും കുടിവെള്ളം ലഭിക്കുകയില്ല. നല്ല മഴ ലഭിക്കുന്ന സമയത്ത് 20 എം. എൽ.ഡി. വരെ വെള്ളം ലഭിക്കും. പുതിയൊരു പദ്ധതി ബഹുമാനപ്പെട്ട മന്ത്രിക്ക് ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ഏനാത്ത്– ഞാങ്കടവിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കൊല്ലം നഗരത്തിലെത്തിച്ച് കൊല്ലം നഗരത്തിൽ ട്രീറ്റ് ചെയ്ത് കൊല്ലം നഗരത്തിലും പരിസര പ്രദേശങ്ങളിലും വിതരണം ചെയ്യുന്ന ഒരു പദ്ധതിയാണ്. ആ പദ്ധതിക്ക് അനുകൂലമായ മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ലഭിച്ചത്. പദ്ധതിയുടെ ഒരു പ്രോജക്ട് റിപ്പോർട്ടും ഡി.പി. ആർ.–ഉം ഒക്കെ തയ്യാറാക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുള്ളതാണ് എന്റെ അപേക്ഷ. ഞാങ്കടവിൽനിന്നുതന്നെ വെള്ളം പമ്പ് ചെയ്ത് കൊല്ലം നഗരത്തിലെത്തിക്കുന്ന പദ്ധതിയാണ് വേണ്ടത്. ശാസ്താംകോട്ടയിലെത്തിച്ചാൽ വെള്ളം കൊല്ലം നഗരത്തിൽ ലഭിക്കുകയില്ലായെന്നുള്ളതുകൊണ്ട് കൊല്ലം നഗരത്തിൽത്തന്നെ പമ്പുചെയ്ത് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കൊല്ലം നഗരത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി കല്ലടയാറ്റിൽ ഏനാത്ത്–ഞാങ്കടവിൽനിന്നും 26 കിലോമീറ്റർ നീളവും 1000 എം.എം. വ്യാസവുമുള്ള ഡക്റ്റയിൽ അയൺ കെ9 (Ductile iron K9) പൈപ്പുകളിലൂടെ കുടിവെള്ളം പമ്പുചെയ്ത് കൊല്ലം നഗരസഭയുടെ പരിധിയിലുള്ള വടക്കേവിളയിലെ വസൂരിച്ചിറയിൽ 64 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുവാൻ 266 കോടി രൂപയുടെ പദ്ധതി ഉദ്ദേശിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി 'ജൻറം' സഹായം ലഭിക്കുന്നതിനായി കെ.എസ്.യു.ഡി.പി.–യിൽ സമർപ്പിച്ചിരുന്നു. എന്നാൽ 'ജൻറം' ട്രാൻസ്മിഷൻ ഫെയ്സിലുൾപ്പെടുത്തി പദ്ധതികൾക്ക് അംഗീകാരം നേടേണ്ട കാലയളവ് 31-03-2014–ൽ അവസാനിച്ചതുമൂലം ഈ പദ്ധതിക്ക് അംഗീകാരം നേടാൻ സാധിച്ചില്ല. വീണ്ടും കേന്ദ്രഗവൺമെന്റിൽ ഇത് സമർപ്പിച്ച് അംഗീകാരം നേടാൻ ശ്രമിക്കുന്നതാണ്.

## കലാമ്യൂസിയത്തിന്റെ നവീകരണം

ശ്രീമതി പി. അയിഷാ പോറ്റി : സർ, കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ ഇന്നത്തെ ദുരിതാവസ്ഥയാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കഥകളിയുടെ ഉപജ്ഞാതാവായിരുന്ന കൊട്ടാരക്കര തമ്പുരാന്റെ സ്മരണാർത്ഥം പുരാവസ്തുവകുപ്പ് 1983–ൽ ആരംഭിച്ച ജില്ലയിലെ ഏക കലാ

മ്യൂസിയമാണ് കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം. പക്ഷെ 1983–ൽ ആരംഭിച്ച ഈ മ്യൂസിയം അന്നുമുതൽ ദീർഘവർഷങ്ങളായി രണ്ടു നിലയുള്ള ഒരു വാടകകെട്ടിടത്തിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ മുഴുവൻ ആടയാഭരണങ്ങളും പെട്ടിക്കുള്ളിൽ വച്ചിരുന്ന ഒരവസ്ഥയായിരുന്നു. അത് ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലിരുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാംസ്കാരിക വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബിയും ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരനും ദേവസ്വം ബോർഡ് കമ്മീഷണറുടെകൂടി ചുമതല വഹിച്ചിരുന്ന ശ്രീ. ജയകുമാർ ഐ.എ.എസ്. അടക്കമുള്ള ദേവസ്വം ബോർഡിന്റെ പ്രതിനിധികളുൾപ്പെടെ പങ്കെടുത്ത് 02-01-2010–ൽ മീറ്റിംഗ് കൂടി ഈ സ്ഥാപനം കൊട്ടാരക്കര ഗണപതി ക്ഷേത്രത്തോട് ചേർന്നുള്ള കൊട്ടാരത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ സംയുക്തമായി തീരുമാനമെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 5 തീരുമാനങ്ങളെടുത്ത് മ്യൂസിയം മാറ്റി സ്ഥാപിക്കുമ്പോൾ രണ്ട് സ്ഥാപനങ്ങളുടെയും വ്യക്തിത്വം നിലനിർത്തികൊണ്ട് സാംസ്കാരിക വകുപ്പ് നൽകേണ്ട വാടക ഒരു രൂപയായി നിശ്ചയിച്ചു. അതിലെന്തെങ്കിലും തർക്കമുണ്ടെങ്കിൽ അത് മാറ്റുന്നതുകൊണ്ട് നമുക്കാർക്കും വിരോധമില്ല. അതുപോലെ ദേവസ്വം മ്യൂസിയം തുടങ്ങാനുള്ള സജ്ജീകരണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചെലവിൽ ചെയ്യണമെന്നും നിലവിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പൈതൃക മ്യൂസിയം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ സാംസ്കാരിക വകുപ്പിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കണമെന്നും, തുടർ നടപടികൾ

ത്വരിതപ്പെടുത്താൻ സാംസ്കാരിക വകുപ്പിന്റെ പ്രതിനിധി, ദേവസ്വം ബോർഡ് കൾച്ചറൽ ഡയറക്ടർ, ഡെപ്യൂട്ടി കമ്മിഷണർ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ മ്യൂസിയം കൊട്ടാരത്തിലേയ്ക്ക് മാറ്റാൻ 27-03-2010-ൽ ഉത്തരവായി. പ്രാഥമിക നവീകരണത്തിനുശേഷം 2011 മാർച്ച് ഒന്നിന് ഇത് അവിടെ സ്ഥാപിച്ച് പ്രവർത്തനവും ആരംഭിച്ചു. പക്ഷെ സർക്കാരും ബോർഡും മാറിക്കഴിഞ്ഞപ്പോൾ അവിടത്തെ ചില ഉദ്യോഗസ്ഥന്മാരുടെ താല്പര്യപ്രകാരം ഈ സ്ഥാപനം അവിടെനിന്ന് മാറ്റണമെന്ന് നോട്ടീസ് കൊടുത്തിരിക്കുക യാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ഇത് വളരെ ഗൗരവത്തോടെയെടു ക്കുകയും ഇതിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും മ്യൂസിയം നവീകരണത്തിന് പദ്ധതി തയ്യാറാക്കാൻ കേരള കലാമണ്ഡലത്തെ ഏൽപ്പിക്കുകയും ചെയ്തു. അതിന്റെ പണി നന്നായി നടക്കുന്ന അവസരത്തിലാണ് ഇത് ഒഴിയണമെന്ന് പറയുന്നത്. ഇത് അവിടെനിന്ന് ഒഴിഞ്ഞാൽ മാറ്റി സ്ഥാപിക്കാൻ വേറെ സ്ഥലമില്ല. കഥകളിയുടെ അമൂല്യമായിട്ടുള്ള അടയാഭരണങ്ങളെല്ലാം എല്ലാപേർക്കും കാണാൻ കഴിയുന്നതരത്തിൽ, വേണ്ടിവന്നാൽ അതിനൊരു വാടക നിശ്ചയിച്ചുകൊണ്ട് അത് അവിടെതന്നെ തുടരാനും ഇത് നവീകരിച്ച് ജനങ്ങൾക്ക് കാണാൻതക്ക വണ്ണം സജ്ജീകരിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാമ്യൂസിയം പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പൗരാണിക കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്മാരകത്തിന്റെ പഴമ, ചരിത്രം എന്നിവ കണക്കിലെടുത്തുകൊണ്ട് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പ്രസ്തുത സ്മാരകത്തെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടിയായി സ്മാരകം നിലനിൽക്കുന്ന സ്ഥലത്തിന്റെ വിശദവിവരം ലഭ്യമാക്കുന്നതിനുവേണ്ടി കൊല്ലം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാമ്യൂസിയത്തിന്റെ നവീകരണത്തിനുവേണ്ടി 8 ലക്ഷം രൂപയുടെ ബഡ്ജറ്റ് അംഗീകരിച്ചു. അതിനുവേണ്ടി കലാമണ്ഡലത്തെ ചുമതലപ്പെടുത്തുകയും 4 ലക്ഷം രൂപ മുൻകൂറായി കലാമണ്ഡലത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കഥകളി രൂപങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഥകളി ചമയങ്ങളുടെ മരപ്പണികളും ആടയാഭരണാലങ്കാരാതികളും പൂർത്തിയാക്കി വരുന്നു. കലാമണ്ഡലത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഈ സ്മാരകം മാറ്റി സ്ഥാപിക്കുക എന്നത് പ്രായോഗികമായ കാര്യമല്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അവിടെ

ത്തന്നെ ഈ സ്മാരകം നടത്തിക്കൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കപ്പലിൽ അകപ്പെട്ട മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ഏരൂർ പഞ്ചായത്തിൽ കിണറുള്ളമീത്തൽ ദിനേശന്റെ മോചനത്തിനുവേണ്ടി സർക്കാർ അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. ഇദ്ദേഹത്തിന്റെകൂടെ കൊച്ചി കല്ലൂർ സ്വദേശി ആൻഡ്രിൻ ആന്റോ ഉൾപ്പെടെ 18 പേരുണ്ട്. ദുബായ് തീരത്തുനിന്ന് 20 നോട്ടിക്കൽ മൈൽ അകലെ മഹർഷിദേവത്രയ എന്ന കപ്പലിലാണ് ഇവർ കുടുങ്ങിക്കിടക്കുന്നത്. കപ്പലുകൾ തമ്മിലുള്ള തർക്കത്തിന്റെ പേരിൽ കഴിഞ്ഞ 9 മാസമായി കപ്പൽ പുറംകടലിൽ ഒരേ സ്ഥലത്തുതന്നെ നങ്കൂരമിട്ട് കിടക്കുകയാണ്. മുംബൈ ആസ്ഥാനമായ വരുൺ ഷിപ്പിംഗ് കമ്പനിയുടെതാണ് ഈ കപ്പൽ. ദിനേശന് പ്രായമായതും രോഗിയുമായ അച്ഛനും അമ്മയും ഭാര്യയും രണ്ട് മക്കളുമുണ്ട്. 9 മാസമായി കപ്പൽ ഇങ്ങനെ കിടക്കുന്നതുകൊണ്ട് അതിനകത്തെ എ.സി. നിലച്ചിട്ടുണ്ട്. അതുപോലെ കപ്പലിൽ ഭക്ഷണവുമില്ല. ഒരു മോട്ടർ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. അതുംകൂടി നിലച്ചുകഴിഞ്ഞാൽ വെളിച്ചവുമുണ്ടാകില്ല. എ.സി. ഇല്ലാത്തതുകൊണ്ട് കപ്പലിന്റെ മുകളിലാണ് ഇവർ താമസിക്കുന്നത്. അതിനാൽ ഇവരുടെ ജീവൻതന്നെ അപകടത്തിലാണ്. അതുകൊണ്ട് ദിനേശനെയും കല്ലൂർ സ്വദേശി ആൻഡ്രി ആന്റോയുമുൾപ്പെടെയുള്ളവരെ രക്ഷപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. സാധാരണഗതിയിൽ

ഇറാഖിലൊക്കെയാണെങ്കിൽ വിദേശ വകുപ്പുമായിട്ടൊക്കെ ബന്ധപ്പെടാം. ഇവിടെ കപ്പലിന്റെ ഉടമകളെല്ലാം മുംബൈ ആസ്ഥാനമായിട്ടുള്ള ഇന്ത്യക്കാരാണ്. കപ്പൽ ഇവിടെയുള്ളതാണ്, ദുബായ് തീരത്ത് കിടക്കുന്നുണ്ടെന്നുമാത്രമേയുള്ളൂ. അതുകൊണ്ട് അവരുടെ ജീവൻ രക്ഷിക്കണം. പ്രത്യേകിച്ചും ഇവർ ഏറ്റവും പാവപ്പെട്ട കുടുംബത്തിലുള്ള വരാണ്. നമ്മുടെ സർക്കാരും നോർക്ക വകുപ്പും എല്ലാം ഇറാഖിന്റെ കാര്യത്തിൽ ഇടപെട്ടതുപോലെതന്നെ ഇക്കാര്യത്തിലും ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യൻ വ്യാപാര കപ്പലായ മഹർഷിദേവ ത്രയയുടെ ഉടമസ്ഥരായ മുംബൈ ആസ്ഥാനമായ വരുൺ ഷിപ്പിംഗ് കമ്പനിയിലെ പാർട്ട്നേഴ്സ് തമ്മിലുള്ള അഭിപ്രായവ്യത്യാസംമൂലം പ്രസ്തുത കപ്പൽ ദുബായ് തീരത്ത് നങ്കൂരമിട്ടിരിക്കുകയാണ്. ഈ കപ്പലിൽ തൊഴിലാളികളായി മലയാളികളുൾപ്പെടെ 18 ഇന്ത്യക്കാരുണ്ട്. വിസയോ മറ്റ് രേഖകളോ ഇല്ലാത്തതുകാരണം ഇവർക്ക് കപ്പലിന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതു പോലെ അതിന്റെ എ.സി. പ്രവർത്തനക്ഷമമല്ലാതായിക്കൊണ്ടിരിക്കുന്നു, അതിനകത്ത് കഴിയാൻ നിവർത്തിയില്ല. അതിന്റെ ഗൗരവമായ സ്വഭാവം ഗവണ്മെന്റിന് മനസ്സിലാകുന്നുണ്ട്. കപ്പൽ യാത്രയാകുന്നതിന് രേഖകൾ പുതുക്കി എത്രയുംവേഗം നടപടികൾ സ്വീകരിക്കണമെന്ന് കപ്പൽ ഉടമസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ വിഷയം കേന്ദ്ര

വിദേശകാര്യ മന്ത്രാലയത്തിന്റെയും ഷിപ്പിംഗ് മന്ത്രാലയത്തിന്റെയും ദുബായിലെ ഇന്ത്യൻ എംബസിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കപ്പലിൽ കൊയിലാണ്ടി സ്വദേശിയായ ദിനേശനെന്ന മലയാളി ഉൾപ്പെട്ടതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ അടിയന്തരമായി കേന്ദ്ര ഗവണ്മെന്റുമായും കപ്പൽ ഉടമസ്ഥരുമായും യു.എ.ഇ.-ലെ ഇന്ത്യൻ എംബസിയുമായും ബന്ധപ്പെട്ട് കപ്പൽ മടക്കി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. വി. ദേവന്റെ പേരിൽ സ്മാരകം</u>

<u>ശ്രീ. അൻവർ സാദത്ത് :</u> സർ, ഈയിടെ അന്തരിച്ച എം. വി. ദേവൻ മലയാള കലാ-സാംസ്കാരിക രംഗത്ത് ഒട്ടനവധി സംഭാവനകൾ നൽകിയ ഒരു വ്യക്തിയായിരുന്നു. ഇദ്ദേഹം ഒരു പത്രപ്രവർത്തകൻ, പ്രഭാഷകൻ, നിരൂപകൻ, എഴുത്തുകാരൻ, ചിത്രകാരൻ, നാടകപ്രവർത്തകൻ, ശില്പി തുടങ്ങിയ കലാ-സാഹിത്യ രംഗത്തെ എല്ലാ മേഖലകളിലും കഴിവ് തെളിയിച്ച വ്യക്തിയായിരുന്നു. ഭാരതീയ പാരമ്പര്യം നഷ്ടപ്പെടാതെ ചിത്രകലയെ ആധുനീകരിച്ച ഒരു പ്രതിഭയായിരുന്നു എം. വി. ദേവൻ. അദ്ദേഹം കൊല്ലം നെഹ്റു പാർക്കിൽ നിർമ്മിച്ച 'അമ്മയും കുഞ്ഞും' എന്ന പൂർണ്ണകായ ശില്പം അദ്ദേഹത്തിന്റെ പ്രതിഭയെ വിളിച്ചറിയിക്കുന്നതാണ്. ചെന്നൈ ലളിതകലാ അക്കാദമി ഇദ്ദേഹം സ്ഥാപിച്ചതാണ്. അതുപോലെ പെരുന്തച്ചൻ എന്ന വാസ്തുശില്പകലാ സംഘടനയും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. ഒരു സ്വതന്ത്ര ചിന്തയുടെ വക്താവായിരുന്നു എന്നതാണ് മറ്റ് കലാകാരന്മാരിൽ നിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. കലാ- സാംസ്കാരിക രംഗത്ത്

ആരുടെയും മുഖം നോക്കാതെ തന്റേതായ അഭിപ്രായമുണ്ടായിരുന്ന അതുല്യ പ്രതിഭയായിരുന്നു എം.വി. ദേവൻ. അദ്ദേഹത്തിന്റെ മരണത്തിലൂടെ ആലുവക്കാരുടെ ഒരു സ്വകാര്യ അഹങ്കാരമാണ് നഷ്ടമായത്. ഈ സാംസ് കാരിക നായകന്റെ ഓർമ്മ വരും തലമുറയിൽ നിലനിർത്തുവാൻ എം.വി. ദേവന്റെ കർമ്മ മണ്ഡലമായിരുന്ന ആലുവയിൽ ഇദ്ദേഹത്തിന്റെപേരിൽ ഒരു സ്മാരകം നിർമ്മിക്കുവാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ആമുഖവും അവതരണവും ആവശ്യമില്ലാത്ത കേരളീയ രൂപകലയുടെ അതുല്യ ആചാര്യനായ എം.വി. ദേവൻ മാസ്റ്ററുടെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടി ആലുവയിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റിയാണ് ശ്രീ. അൻവർ സാദത്ത് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കേരളീയ രൂപകലയ്ക്ക് ദിശാബോധം നൽകിയ ചിത്രകാരനും സാഹിത്യകാരനും സാംസ്കാരിക രംഗത്തെ അതുല്യ പ്രതിഭയുമായിരുന്ന എം.വി. ദേവൻ മാസ്റ്റർ ജനിച്ചതും മരണംവരെ ജീവിച്ചിരുന്നതുമായ ആലുവ ചൂർണ്ണിക്കരയിലെ ചൂർണ്ണി എന്ന വസതിയും സ്ഥലവും ലഭ്യമാക്കുന്നതുസംബന്ധിച്ച് ലളിതകലാ അക്കാദമി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സാമ്പത്തിക പ്രയാസങ്ങൾ കണക്കിലെടുക്കുമ്പോൾ സ്ഥലം വിലയ്ക്കുവാങ്ങി സ്മാരകങ്ങൾ സ്ഥാപിക്കുക എന്നുള്ളത് അക്കാദമിക്ക് പലപ്പോഴും സാധ്യമാകുന്ന കാര്യമല്ല. പ്രാദേശികമായ സമിതികളും ത്രിതല പഞ്ചായത്ത് സമിതികളും എം.എൽ.എ.-യും മുൻകയ്യെടുത്തുകൊണ്ട് ആവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ തീർച്ചയായും ദേവൻ മാസ്റ്റർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുവാൻ

സാധിക്കും. സ്ഥലം വിലയ്ക്കുവാങ്ങി സ്മാരകം നിർമ്മിക്കണമെന്നു പറഞ്ഞാൽ അത് ഇപ്പോഴത്തെ നിലയ്ക്ക് വളരെ തടസ്സങ്ങളും പ്രയാസങ്ങളുമുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏതായാലും എം.എൽ.എ. മുൻകയ്യെടുത്ത് സ്ഥലം ലഭ്യമാക്കിയാൽ തീർച്ചയായും അവിടെ സ്മാരകം നിർമ്മിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.